2023
JULY
20
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ദുബായിൽ നിന്ന് സ്റ്റാർട്ടപ്: 28 അപേക്ഷകർ

**കൊച്ചി:** വിദേശമലയാളികൾക്ക് കേരള സ്റ്റാർട്ടപ്പുകളിൽ മുതൽ മുടക്കാനായി ദുബായിൽ ആരംഭിച്ച സ്റ്റാർട്ടപ് ഇൻഫിനിറ്റി സംവിധാനത്തിൽ ഇതിനകം എത്തിയത് 28 അപേക്ഷകൾ. കേരളത്തിൽ പുതിയ സ്റ്റാർട്ടപ് കമ്പനി തുടങ്ങാനും നിലവിലുള്ളതിൽ മുതൽ മുടക്കാനും ഇവിടത്തെ കമ്പനികൾക്ക് ബിസിനസ് നൽകാനും ലക്ഷ്യമിടുന്നതാണ് അപേക്ഷകളേറെയും.

ദുബായിലെ സ്റ്റാർട്ടപ് ഇൻഫിനിറ്റി ഓഫിസിൽ സ്ഥലം ചോദിക്കുന്നവരും ഇതുമായി സഹകരിക്കാൻ താൽപര്യം പ്രകടിപ്പിക്കുന്നവരും അപേക്ഷകരിലുണ്ട്. എന്നാൽ 28 അപേക്ഷകരിൽ 8 പേർ മാത്രമാണ് കേരളത്തിൽ സംരംഭം തുടങ്ങാൻ താൽപര്യപ്പെടുന്നത്.ഇവിടുത്തെ കമ്പനികൾക്ക് ഗൾഫിൽ നിന്ന് ബിസിനസ് നൽകാൻ 11 പേർ തയാറാണ്. നിലവിൽ കേരളത്തിലുള്ള സ്റ്റാർട്ടപ്പുകളിൽ മുതൽമുടക്കാൻ താൽപ്പര്യം 4 പേർക്കു മാത്രം. ദുബായിൽ സ്ഥലം ചോദിച്ചത് 15 പേർ.

അവസാനത്തെ 3 വിഭാഗങ്ങൾക്ക് കരടു നയം തയാറാവുന്നതേയുള്ളു. ഖത്തർ, കുവൈത്ത് പോലുള്ള മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഒട്ടേറെ അന്വേഷകരുണ്ട്. തൽക്കാലം ഗൾഫ് മേഖലയ്ക്കാകെ ദുബായിൽ മാത്രമാണ് ഓഫിസും പ്രവർത്തനവും. യൂറോപ്പിലും യുഎസിലും നിന്ന് സ്റ്റാർട്ടപ് നിക്ഷേപത്തിനായി പിന്നീട് സംവിധാനം ഒരുക്കും.

## രാജ്യാന്തര യാത്രികരിലെ 2 ശതമാനത്തിനുള്ള ആർടി പിസിആർ പരിശോധന പിൻവലിച്ച് ഇന്ത്യ

**ന്യൂഡൽഹി:** രാജ്യത്തെ കോവിഡ് കേസുകളിൽ ഗണ്യമായ കുറവ് തുടരുന്നതിനിടെ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വരുത്തി കേന്ദ്ര സർക്കാർ. ഇന്ത്യയിലെത്തുന്ന രാജ്യാന്തര യാത്രികരിൽ രണ്ടു ശതമാനത്തിനു നടത്തിവന്നിരുന്ന ആർടി പിസിആർ പരിശോധന പൂർണമായും ഇല്ലാതാക്കിയാണ് സർക്കാർ മാർഗനിർദേശങ്ങൾ പരിഷ്കരിച്ചത്.

വ്യാഴാഴ്ച മുതൽ മാറ്റം നിലവിൽവരും. വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, അതിർത്തികൾ തുടങ്ങി എവിടെനിന്നും ഇന്ത്യയിലേക്കുള്ള പ്രവേശനത്തിന് ഇനി ആർടി പിസിആർ മാനദണ്ഡം ഇതോടെ വേണ്ടാതാകും.

അവസാന 24 മണിക്കൂറിൽ പുതിയതായി 49 പേർക്കാണ് കോവിഡ് ബാധിച്ചിരിക്കുന്നതെന്ന് ആരോഗ്യ മന്ത്രാലയം ബുധനാഴ്ച രാവിലെ അറിയിച്ചിരുന്നു. ഇതോടെ 2020ൽ ഇന്ത്യയിൽ ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ട അന്നു മുതൽ അവസാന 24 മണിക്കൂറിലെ കണക്ക് വരെയെടുക്കുമ്പോൾ 44.9 മില്യൻ പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. ഇതിൽ 98.81% പേർ രോഗമുക്തരായെന്ന് ആരോഗ്യമന്ത്രാലയത്തിന്റെ വെബ്സറ്റൈറ്റ് വ്യക്തമാക്കുന്നു. 5,31,915 പേർ മരിച്ചു.

## വീസയില്ലാതെ 57 രാജ്യങ്ങൾ സന്ദർശിക്കാം

# ശക്തമായ പാസ്പോർട്ടുകളുടെ പട്ടികയിൽ ഇന്ത്യ

**ന്യൂഡൽഹി:** ലോകത്തിലെ ഏറ്റവും ശക്തമായ പാസ്പോർട്ടുകളുടെ പട്ടികയിൽ ഇന്ത്യ 80ാം സ്ഥാനത്ത്. ആഗോള ഇൻവെസ്റ്റ്മെന്റ് മൈഗ്രേഷൻ കൺസൽറ്റൻസിയായ ഹെൻലി ആൻഡ് പാർട്ണേഴ്സിന്റെ ഈ വർഷത്തെ, ലോകത്തിലെ ശക്തമായ പാസ്പോർട്ടുകളുടെ സൂചികയിലാണ് ഇന്ത്യ അഞ്ച് സ്ഥാനം മെച്ചപ്പെടുത്തിയത്. ടോഗോ, സെനഗൽ എന്നീ രാജ്യങ്ങളും ഇന്ത്യക്കൊപ്പം 80 ാം സ്ഥാനത്താണ്.



ഇന്ത്യൻ പാസ്പോർട്ട് ഉപയോഗിച്ച് നിലവിൽ വീസയില്ലാതെ 57 രാജ്യങ്ങളിൽ പ്രവേശിക്കാം. ഇന്ത്യക്കാർക്ക് തായ്ലൻഡ്, റുവാണ്ട, ജമൈക്ക, ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് വീസയില്ലാതെയോ വീസ ഓൺ അറൈവൽ സൗകര്യത്തിലോ പറക്കാം. അതേസമയം ചൈന, ജപ്പാൻ, റഷ്യ, യുഎസ്, യൂറോപ്യൻ രാജ്യങ്ങൾ എന്നിവയുൾപ്പെടെ 177 ഇടങ്ങളിലേക്ക് കടക്കാൻ വീസ വേണം. കഴിഞ്ഞ അഞ്ച് വർഷമായി ഒന്നാം സ്ഥാനത്തായിരുന്ന ജപ്പാൻ ഇത്തവണ മൂന്നാമതാണ്. സിംഗപ്പൂർ ആണ് ഒന്നാമത്. സിംഗപ്പൂർ പാസ്പോർട്ട് ഉപയോഗിച്ച് 192 രാജ്യങ്ങളിൽ വീസ രഹിത പ്രവേശനം സാധ്യമാകും. ജർമനി, സ്പെയ്ൻ, ഇറ്റലി എന്നീ രാജ്യങ്ങളാണ് രണ്ടാം സ്ഥാനത്ത്. ഇവിടങ്ങളിലെ പാസ്പോർട്ട് ഉപയോഗിച്ച് 190 രാജ്യങ്ങൾ സന്ദർശിക്കാം.

ഓസ്ട്രിയ, ഫിൻലാൻഡ്, ഫ്രാൻസ്, ജപ്പാൻ, ലക്സംബർഗ്, ദക്ഷിണ കൊറിയ, സ്വീഡൻ എന്നിവയാണ് മൂന്നാം സ്ഥാനത്ത്189 രാജ്യങ്ങളിലേക്കാണ് വീസ രഹിത പ്രവേശനം. യുകെ നാലാമതും യുഎസ് എട്ടാമതുമാണ്. പട്ടികയിൽ ഏറ്റവും ഒടുവിലുള്ളത് അഫ്ഗാനിസ്ഥാനാണ്.

27 രാജ്യങ്ങളിലേക്ക് മാത്രമേ അഫ്ഗാനികൾക്ക് വീസയില്ലാതെ പ്രവേശിക്കാനാവൂ.

പാസ്പോർട്ട് ഉപയോഗിച്ച് വീസയില്ലാതെ എത്ര രാജ്യങ്ങളിൽ പ്രവേശിക്കാം എന്നതും സാമ്പത്തികം ഉൾപ്പെടെയുള്ള ഘടകങ്ങളും വിലയിരുത്തിയാണ് പട്ടിക തയാറാക്കുന്നത്. ഇന്റർനാഷനൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷനിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ പ്രകാരമാണിത്.

## പാൻ പ്രവർത്തനക്ഷമമല്ലാതായ വിദേശ ഇന്ത്യക്കാർ താമസ വിവരം അറിയിക്കണം

**ന്യൂഡൽഹി:** പാൻ പ്രവർത്തനക്ഷമമല്ലാതായ വിദേശ ഇന്ത്യക്കാർ അവരുടെ താമസവിവരം അറിയിക്കണമെന്ന് ആദായനികുതി വകുപ്പ്. ആധാർ പാൻ ബന്ധിപ്പിക്കലിനുള്ള അവസാന തീയതി കഴിഞ്ഞ ശേഷം പ്രവാസി ഇന്ത്യക്കാരായ പലരുടെയും പാൻ പ്രവർത്തിക്കുന്നില്ലെന്ന് പരാതി ഉയർന്നിരുന്നു. എന്നാൽ പ്രവാസി ഇന്ത്യക്കാർ പാൻ ആധാറുമായി ബന്ധിപ്പിക്കേണ്ടതില്ലെന്ന് ആദായനികുതി വകുപ്പ് ആവർത്തിച്ചു.

ഒരു വ്യക്തി എത്ര കാലമായി ഒരു നിശ്ചിത സ്ഥലത്ത് താമസിക്കുന്നു എന്നതാണ് റസിഡൻഷ്യൽ സ്റ്റേറ്റസ്. കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാതിരിക്കുകയോ, പ്രവാസികൾ അവരുടെ റസിഡൻഷ്യൽ വിവരങ്ങൾ അറിയിക്കുകയോ ചെയ്യാതിരുന്നാൽ പാൻ പ്രവർത്തനക്ഷമമല്ലാതാകും. അങ്ങനെ സംഭവിച്ചിട്ടുള്ളവർ അതത് ജൂറിസ്ഡി!ക്!ഷനൽ അസസിങ് ഓഫിസറെ റസിഡൻഷ്യൽ വിവരങ്ങൾ അറിയിക്കണമെന്ന് ആദായനികുതി വകുപ്പ് അറിയിച്ചു.

വിദേശപൗരത്വമുള്ള ഇന്ത്യക്കാരും അവരുടെ പാനിൽ താമസ വിവരം മാറ്റിയിട്ടില്ലെങ്കിൽ പാൻ പ്രവർത്തിക്കാതിരിക്കാം. ഇവരും അതത് ജെഎഒയെ സമീപിക്കണം.ഒരാളുടെ പാൻ പ്രവർത്തനകക്ഷമമല്ലെങ്കിലും അയാൾക്ക് ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനു തടസ്സമില്ല.ഇത് അസാധുവാകുന്നതിനു തുല്യമല്ലെന്നും വകുപ്പ് വ്യക്തമാക്കി.

## വികസിതരാജ്യം: ഇന്ത്യയ്ക്ക് ദൂരമേറെയെന്ന് ആർബിഐ

**ന്യൂഡൽഹി:** ഇന്ത്യ വികസിത രാജ്യമാകാൻ അടുത്ത 25 വർഷത്തേക്ക് 7.6% സാമ്പത്തികവളർച്ച കൈവരിക്കണമെന്ന് റിസർവ് ബാങ്ക് ലേഖനം. വികസിത രാജ്യത്തിന്റെ പ്രതിശീർഷ വരുമാനം കൈവരിക്കണമെങ്കിൽ യഥാർഥ ജിഡിപി വളർച്ച 7.6 ശതമാനമെങ്കിലുമായിരിക്കണമെന്നാണ് ലേഖനത്തിലെ വിലയിരുത്തൽ. 2,500 ഡോളറാണ് ഇന്ത്യയുടെ പ്രതിശീർഷ വരുമാനം.

2022, 23ൽ 13,205 ഡോളർ പ്രതിശീർഷ വരുമാനമുള്ള രാജ്യങ്ങളെയാണ് ഉയർന്ന വരുമാനമുള്ള രാജ്യമായി ലോകബാങ്ക് പരിഗണിക്കുന്നത്.2047ൽ ഇത് 21,664 ഡോളറിനു മുകളിലായാൽ മാത്രമേ ലോകബാങ്കിന്റെ മാനദണ്ഡം അനുസരിച്ച് ഉയർന്ന വരുമാനമുള്ള രാജ്യമായി മാറൂ. ഇത് കൈവരിക്കണമെങ്കിൽ വളർച്ച 7.6 ശതമാനമായിരിക്കണമെന്ന് ലേഖനം ചൂണ്ടിക്കാട്ടുന്നു.



# മലബാറിന്റെ മാമാങ്കമാകാൻ മലബാർ റിവർ ഫെസ്റ്റിവൽ

**കോഴിക്കോട്:** കാടും കാട്ടാറും വെള്ളച്ചാട്ടവും... കുളിർമ തേടിയെത്തുന്ന സഞ്ചാരികളെ മാടി വിളിക്കുകയാണ് കോടഞ്ചേരിയിലേക്ക്. ഓളപ്പരപ്പിൽ തുഴയെറിഞ്ഞുള്ള സാഹസിക ടൂറിസത്തിന്റെ മനോഹാരിതക്ക് സാക്ഷ്യം വഹിക്കാം.

സഞ്ചാരികളുടെ ഇഷ്ട ഉല്ലാസ കേന്ദ്രമായ തുഷാരഗിരിയിലെ പുഴകളിൽ കാലവർഷാരംഭത്തോടെ രൗദ്രഭാവം പുറത്തെടുക്കുന്ന ഓളങ്ങളെ മെരുക്കി വിസ്മയം തീർക്കാൻ കയാക്കിങ് സംഘങ്ങൾ എത്തിത്തുടങ്ങി. മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി ഓഗസ്റ്റ് നാല്, അഞ്ച്, ആറ് തിയ്യതികളിൽ നടത്തുന്ന ഒമ്പതാമത് അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരത്തിനാണ് താരങ്ങൾ എത്തിയത്. തുഷാരഗിരി അഡ്വഞ്ചർ കയാക്കിങ് അക്കാദമിയുടെ നേതൃത്വത്തിൽ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമാണ് പരിശീലന സംഘങ്ങൾ പരിശീലനം ആരംഭിച്ചത്.

സംസ്ഥാന ടൂറിസം വകുപ്പും സംസ്ഥാന അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും ഇന്ത്യൻ കനോയിങ് ആൻഡ് കയാക്കിങ് അസോസിയേഷനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ജില്ലാ പഞ്ചായത്തും തിരുവമ്പാടി, കോടഞ്ചേരി പഞ്ചായത്തുകളും സംയുക്തമായാണ് മലബാർ റിവർ ഫെസ്റ്റിവൽ രാജ്യാന്തര കയാക്കിങ് മേള സംഘടിപ്പിക്കുന്നത്.

കഴിഞ്ഞവർഷത്തെ മത്സരത്തിൽ റാപ്പിഡ് രാജ പട്ടം നേടിയ അമിത് താപ്പ, അങ്കിത് സിങ് (ഇരുവരും ഉത്തരാഖണ്ഡ്), ബാവ്പ്രീത് സിങ്(ഡൽഹി), കേരള താരങ്ങളായ നിസ്തുൽ ജോസ്, തോബിത്ത് രാഹുൽ, ഡി.ആനന്ദ്, ബി.കെ.അഭിലാഷ്, കർണാടക സ്വദേശിനി ആൻ. മത്തിയാസ് എന്നിവരടങ്ങിയ സംഘം പരിശീലനം തുടങ്ങിക്കഴിഞ്ഞു. 2022ൽ അറുപതിലേറെ താരങ്ങൾ മാറ്റുരച്ച മത്സരത്തിൽ ഇക്കുറി കൂടുതൽ വിദേശതാരങ്ങൾ എത്തുമെന്നാണ് സംഘാടകർ അറിയിച്ചത്.

മലബാറിന്റെ മാമാങ്കമായി മാറുന്ന കയാക്കിങ് മത്സരത്തിന്റെ പ്രചാരണാർഥം വിവിധ മത്സരങ്ങൾ നടക്കും. കോഴിക്കോട് ,വയനാട്, മലപ്പുറം ജില്ലകളിൽ നിന്ന് ചാലിപ്പുഴയിലെ പുലിക്കയം മത്സരവേദിയിലേക്ക് സൈക്കിൾറാലിയും, തുഷാരഗിരിയിൽ മഴനടത്തം, ഓമശ്ശേരിയിൽ മഡ് ഫുട്ബോൾ, കക്കാടംപൊയിലിൽ പട്ടംപറത്തൽ, കോടഞ്ചേരിയിലെ സ്വകാര്യ എസ്റ്റേറ്റിൽ ഓഫ് റോഡ് റെയ്സ് എന്നീ പ്രീ ഇവന്റുകളാണ് നടക്കുക.

# ആയുർവേദ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായത് വലിയ മാറ്റങ്ങൾ മന്ത്രി എ.കെ ശശീന്ദ്രൻ

**കോഴിക്കോട്:** കേരളത്തിലെ ആയുർവേദ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ. കക്കോടി ഗ്രാമപഞ്ചായത്ത്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച മഴക്കാലചര്യ ആയൂർ എക്സ്പോ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആർക്കും തളർത്താനാകാത്ത നിലയിലുള്ള സംവിധാനമായി ആയുർവേദ മേഖല മാറിയെന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയുടെ ഭാഗമായി സൗജന്യ ആയുർവേദ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്, ആരോഗ്യ വിദ്യാഭ്യാസ ഔഷധ സസ്യ പ്രദർശനം, ആരോഗ്യ ബോധവൽക്കരണ ക്ലാസ്, ജനങ്ങൾക്ക് ഡോക്ടർമാരുമായി നേരിട്ട് സംവദിക്കാനുള്ള മീറ്റ് ദ ഡോക്ടർ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി ജില്ലാതല ക്വിസ് മൽസരം, വിവിധ സ്റ്റാളുകൾ എന്നിവ ഒരുക്കിയിരുന്നു. കക്കോടി ഗവ. എൽ.പി സ്കൂളിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ പി ഷീബ അധ്യക്ഷത വഹിച്ചു. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി സുനിൽകുമാർ മുഖ്യാതിഥിയായിരുന്നു.

കേരള ആയുർവേദ കോഓപ്പറേറ്റീവ് സൊസൈറ്റി, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എഎംഎഐ) ജില്ലാ കമ്മിറ്റി എന്നിവയുടെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. എ.എം.എ.ഐ പ്രസിഡന്റ് ഡോ.പി ചിത്രകുമാർ പദ്ധതി വിശദീകരണം നടത്തി.

ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) ഡോ. ജെസി പി.സി മുഖ്യ പ്രഭാഷണം നടത്തി.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.ടി വിനോദ്, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ സുജ അശോകൻ, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ താഴത്തയിൽ ജുമൈലത്ത്, കൈതമോളി മോഹനൻ, ഗ്രാമപഞ്ചായത്ത് അംഗം എം ശോഭ, കക്കോടി ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. വൃന്ദ പി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. എ.എം.എ.ഐ സെക്രട്ടറി ഡോ അനൂപ് വി.പി സ്വാഗതവും ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പുനത്തിൽ മല്ലിക നന്ദിയും പറഞ്ഞു.




# വ്യവസായ വിദഗ്ധരെ അധ്യാപകരായി നിയമിക്കാൻ എൻഐടിസി

**കോഴിക്കോട്:** വ്യവസായങ്ങൾ, ഗവേഷണവികസന സ്ഥാപനങ്ങൾ, ദേശീയ രാജ്യാന്തര സർവകലാശാലകൾ എന്നിവയുമായി സഹകരിച്ചു പ്രവർത്തിച്ച് വിദ്യാർഥികൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് തയാറെടുക്കുന്നു. വിവിധ മേഖലകളിൽ വിദഗ്ധരായ ആളുകളുമായി പ്രവർത്തിക്കാൻ വിദ്യാർഥികൾക്കും അധ്യാപകർക്കും അവസരം ഉറപ്പുവരുത്തുന്നതിനായി വ്യവസായ വിദഗ്ധരെയും ഗവേഷകരെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഫസർ ഓഫ് പ്രാക്ടീസ്, വിസിറ്റിങ്, അഡ്ജങ്ട് ഫാക്കൽറ്റി പോസ്റ്റുകളിൽ നിയമിക്കുകയാണ് ലക്ഷ്യം.

അധ്യാപനത്തിലും ഗവേഷണത്തിലും മികവും നേതൃത്വവും പ്രോത്സാഹിപ്പിക്കാനും അധ്യാപകർ, വിദ്യാർഥികൾ, ഗവേഷകർ, വ്യവസായ വിദഗ്ധർ എന്നിവർക്കിടയിൽ ആശയവിനിമയം സുഗമമാക്കാനുമാണ് ഈ നീക്കമെന്ന് എൻഐടിസി ഡയറക്ടർ പ്രഫ. പ്രസാദ് കൃഷ്ണ പറഞ്ഞു. വ്യവസായഗവേഷണ വിദഗ്ധരുമായുള്ള സഹകരണം വിദ്യാർഥികൾക്കും അധ്യാപകർക്കും ഇത്തരം സ്ഥാപനങ്ങളുമായി ചേർന്നുപ്രവർത്തിക്കാൻ കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർഥികൾക്ക് വ്യവസായഗവേഷണ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും അവരുടെ അനുഭവസമ്പത്ത് വർധിപ്പിക്കാനും വിദഗ്ധരെ മുഴുവൻ സമയ അടിസ്ഥാനത്തിൽ പ്രഫസർ ഓഫ് പ്രാക്ടീസ് ആയി ഉൾപ്പെടുത്താനാണ് എൻഐടിസി അധികാരികൾ പദ്ധതിയിടുന്നത്. വിവിധ എൻജിനീയറിങ് മേഖലകളിൽ നിലവിലുള്ള സാങ്കേതികതയെയും പ്രവർത്തനരീതികളെയും കുറിച്ച് വിദ്യാർഥികളിൽ ആഴത്തിലുള്ള ധാരണയും അറിവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

കുറഞ്ഞത് 10 വർഷത്തെ പ്രവർത്തിപരിചയമെങ്കിലും സാങ്കേതിക, മാനേജീരിയൽ രംഗങ്ങളിലും പ്രഫഷണൽ രംഗത്തും ഉള്ളവരെ മാത്രമാണ് പ്രഫസർ ഓഫ് പ്രാക്ടീസ് ആയി നിയമിക്കുക. എൻജിനീയറിങ്/ആർക്കിടെക്ചർ/ഡിസൈൻ എന്നിവയിൽ കുറഞ്ഞത് ബിരുദം അല്ലെങ്കിൽ ശാസ്ത്രം/മാനവികത/മാനേജ്മെന്റ്/വിദ്യാഭ്യാസം/നിയമം എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം.

പ്രഫസർ, അസോസിയേറ്റ് പ്രഫസർ, അസിസ്റ്റന്റ് പ്രഫസർ എന്നീ തസ്തികകളിൽ വ്യവസായ, ഗവേഷണവികസന സ്ഥാപനങ്ങളിൽ നിന്നുള്ള വിസിറ്റിങ് ഫാക്കൽറ്റികളെയും അഡ്ജങ്ട് ഫാക്കൽറ്റികളെയും നിയമിക്കാനും എൻഐടിസി തീരുമാനിച്ചിട്ടുണ്ടെന്ന് മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം പ്രഫസറും സെന്റർ ഫോർ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂഷണൽ റിലേഷൻസിന്റെ ചെയർ പേഴ്സനുമായ ഡോ. ജോസ് മാത്യു പറഞ്ഞു. അക്കാദമിക് സ്കോളർഷിപ്പുകളും വിവിധ മേഖലകളിലെ പ്രഫഷണലുകളുടെ പ്രായോഗിക അനുഭവവും സംയോജിപ്പിച്ച് വിദ്യാർഥികൾക്ക് മികച്ച അവസരങ്ങൾ ഉറപ്പുവരുത്താൻ വിദഗ്ധരുടെ നിയമനം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

എല്ലാ തസ്തികകളും ഹ്രസ്വകാല കരാർ തസ്തികകളാണെന്നും തുടക്കത്തിൽ ഒരു വർഷത്തേക്ക്, പിന്നീട് പരമാവധി 3 വർഷം വരെ അല്ലെങ്കിൽ 70 വയസ്സ് വരെ എന്ന രീതിയിലാകും നിയമനങ്ങൾ നടത്തുക എന്നും ഡോ. ജോസ് മാത്യു പറഞ്ഞു. ഈ സംരംഭം വിദ്യാർഥികൾക്ക് വ്യവസായങ്ങളുമായി സഹകരിക്കാനും നൂതന സാങ്കേതികവിദ്യകൾ പഠിച്ച് അവരുടെ അറിവ് മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# വടകര നഗരസഭയിലെ സ്കൂളുകളിൽ ടെലസ്കോപ്പ് സ്ഥാപിക്കുന്നു

**വടകര:** വിദ്യാർത്ഥികളിൽ ശാസ്ത്ര അവബോധവും ആകാശ നിരീക്ഷണ പാടവവും വർധിപ്പിക്കുക എന്ന ലക്ഷ്യവുമായി വടകര നഗരസഭ പരിധിയിലെ 17 സ്കൂളുകളിൽ ടെലസ്കോപ്പ് സ്ഥാപിക്കുന്നു.

നഗരസഭയുടെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ സ്പൈസ് ആഭിമുഖ്യത്തിൽ സ്കൂൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. വടകര നഗരസഭ അഞ്ച് ലക്ഷം രൂപ ചെലവഴിച്ച് നേരത്തെ തന്നെ ബഹിരാകാശ പഠന കേന്ദ്രം വടകര ഗവ. സംസ്കൃതം ഹൈസ്ക്കൂളിൽ സ്ഥാപിച്ചിരുന്നു. അതിന്റെ തുടർ പ്രവർത്തനം യു.പി സ്കൂളൂകളിൽ കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യവുമായാണ് സ്കൂളുകളിൽ കൂടി ടെലസ്കോപ്പുകൾ സ്ഥാപിക്കുന്നത്. ഇതിനായി ഒന്നര ലക്ഷം രൂപയാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. സംസ്കൃതം സ്കൂളിൽ ബഹിരാകാശ പഠന കേന്ദ്രം സ്ഥാപിച്ചതിന് ശേഷം രണ്ട് ബാച്ചുകളിലായി 40 വീതം വിദ്യാർത്ഥികൾക്ക് ബഹിരാകാശ സംബന്ധമായ ക്ലാസുകൾ നൽകുന്നുണ്ട്. കൂടാതെ ആകാശ കാഴ്ച്ചകൾ, ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം, നക്ഷത്രങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനും ബഹിരാകാശ പഠനത്തിനുമായി സംസ്കൃതം സ്കൂളിൽ സ്ഥാപിച്ച ബഹിരാകാശ പഠന കേന്ദ്രത്തിൽ അവസരം ഒരുക്കുകയും ചെയ്യുന്നുണ്ട്.ആകാശ പഠനം യു.പി സ്കൂളിലെ കുട്ടികൾക്ക് കൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെയാണ് യു പി സ്കൂൾ കേന്ദ്രീകരിച്ചും ടെലസ്കോപ്പുകൾ സ്ഥാപിക്കുന്നതെന്ന് വടകര നഗരസഭ ചെയർപേഴ്സൺ കെ ബിന്ദു പറഞ്ഞു.

# തീരമൈത്രി: തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അപേക്ഷിക്കാം

**മലപ്പുറം:** സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് തീരദേശ/ ഉൾനാടൻ മൽസ്യത്തൊഴിലാളി കുടുംബത്തിലെ വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെയും (ഡി.എം.ഇ)/കൂട്ടുത്തരവാദിത്വ സംഘങ്ങളുടെയും (ജെ.എൽ.ജി) യൂണിറ്റുകൾ തുടങ്ങുന്നതിനാണ് അപേക്ഷ ക്ഷണിച്ചത്. ഡി.എം.ഇ യൂണിറ്റുകളിലേക്ക് മൽസ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ (എഫ്.ഐ.എം.എസ്) അംഗത്വമുള്ള 20 നും 50 നും ഇടയിൽ പ്രായമുള്ള രണ്ടു മുതൽ അഞ്ച് വരെ അംഗങ്ങളടങ്ങുന്ന ഗ്രൂപ്പായിട്ടാണ് അപേക്ഷിക്കേണ്ടത്. ജെ.എൽ.ജി യൂണിറ്റ് തുടങ്ങുന്നതിന് അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പായിട്ടാണ് അപേക്ഷിക്കേണ്ടത്. മൽസ്യവിപണനം നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ ഏർപ്പെടുന്ന സ്ത്രീകളാണ് ജെ.എൽ.ജി യൂണിറ്റിനായി അപേക്ഷിക്കേണ്ടത്. പ്രകൃതി ദുരന്തങ്ങൾക്ക് നേരിട്ട് ഇരയായവർ, മാറാരോഗങ്ങൾ ബാധിച്ച കുടുംബത്തിലെ വനിതകൾ, ട്രാൻസ്ജൻഡേഴ്സ്, വിധവകൾ, തീരനൈപുണ്യ കോഴ്സിൽ പങ്കെടുത്ത കുട്ടികൾ, ഇരുപതിനും നാൽപ്പതിനും ഇടയിൽ പ്രായമുളളവർ എന്നിവർക്ക് മുൻഗണന ലഭിക്കും. സാഫിൽ നിന്നും ഒരു തവണ ധനസഹായം കൈപ്പറ്റിയവർക്ക് അപേക്ഷിക്കാനാകില്ല.

പദ്ധതി തുകയുടെ 75% ഗ്രാന്റും 20% ബാങ്ക് വായ്പയും 5% ഗുണഭോക്തൃവിഹിതവും അടങ്ങുന്നതാണ് പദ്ധതി. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ നിരക്കിൽ അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെ തിരിച്ചടക്കാത്ത ഗ്രാന്റ് ആയി ലഭിക്കും. ഡ്രൈഫിഷ് യൂണിറ്റുകൾ, ഹോട്ടൽ ആന്റ് കാറ്ററിങ്, ഫിഷ് ബൂത്ത്, ഫ്ളോർ മിൽ, ഹൗസ് കീപ്പിങ്, ഐ.ടി അനുബന്ധ സ്ഥാപനങ്ങൾ, ടൈലറിങ് ആന്റ് ഗാർമെന്റ്സ് യൂണിറ്റുകൾ, മിനി സൂപ്പർമാർക്കറ്റുകൾ, പ്രൊവിഷൻ സ്റ്റോറുകൾ, ട്യൂഷൻ സെന്റർ, കമ്പ്യൂട്ടർ ഡി.ടി.പി സെന്റർ, ലാബ് ആന്റ് മെഡിക്കൽ സ്റ്റോർ, ഫുഡ് ആന്റ് ഫുഡ് പ്രൊസസ്സിങ് മുതലായവയും പ്രാദേശിക സാധ്യതയുള്ള യൂണിറ്റുകളും പദ്ധതി വഴി ആരംഭിക്കാം.

അപേക്ഷകൾ പരപ്പനങ്ങാടി, താനൂർ, പുറത്തൂർ, വെട്ടം, പൊന്നാനി മൽസ്യഭവനുകളിൽ നിന്നും സാഫിന്റെ ഉണ്യാലിലുള്ള നോഡൽ ഓഫീസിൽ നിന്നും പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ജൂലൈ 20 മുതൽ വിതരണം ചെയ്യും. പൂരിപ്പിച്ച അപേക്ഷകൾ, അപേക്ഷകരുടെ ആധാർ കാർഡ്, റേഷൻ കാർഡ്, ഫിഷർമെൻ ക്ഷേമനിധി പാസ്സ്ബുക്ക്, മുൻഗണനാ സർട്ടിഫിക്കറ്റുകൾ, വിദ്യഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ് സഹിതം ആഗസ്റ്റ് 10 നകം ബന്ധപ്പെട്ട മൽസ്യഭവനുകളിൽ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9895711238, 8606113008, 0494 2666428.

# മലപ്പുറം ദത്തെടുക്കൽ കേന്ദ്രത്തിൽ നിയമനം

**മലപ്പുറം:** സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം ദത്തെടുക്കൽ കേന്ദ്രത്തിൽ ഒഴിവുള്ള നഴ്സ്, സെക്യൂരിറ്റി കം ഡ്രൈവർ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ബി.എസ്.സി നഴ്സിങ്/ ജനറൽ നഴ്സിങ്/ആക്സലറി നഴ്സിങ് ആൻഡ് മിഡ് വൈഫ് ഇവയിലൊന്നിൽ അംഗീകൃത സർട്ടിഫിക്കറ്റും ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമാണ് നഴ്സ് തസ്തികയിലേയ്ക്കുള്ള യോഗ്യത.

എസ്.എസ്.എൽ.സി പാസ്സായ ലൈറ്റ് മോട്ടോർ വാഹന ലൈസൻസ് ഉള്ളവരെയാണ് സെക്യൂരിറ്റി കം ഡ്രൈവർ തസ്തികയിലേക്ക് പരിഗണിയ്ക്കുക. 45 വയസാണ് രണ്ട് തസ്തികയിലേക്കും പ്രായപരിധി.

താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യതാ സർട്ടിഫിക്കറ്റും മറ്റ് ബയോഡാറ്റായും സഹിതം ജൂലൈ 21ന് രാവിലെ പത്തിന് മലപ്പുറം മൈലപ്പുറത്ത് പ്രവർത്തിക്കുന്ന ശിശു ക്ഷേമ സമിതി ദത്തെടുക്കൽ കേന്ദ്രത്തിൽ അഭിമുഖത്തിനായി എത്തണം. ഫോൺ: 0483 27382872, 7736568215.

# ഷീ സ്റ്റാർട്ട്സ് പരിശീലനം നൽകി

**കോട്ടയം:** പാലാ നഗരസഭയിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും ഷീ സ്റ്റാർട്ട്സ് പരിശീലനം നൽകി. നഗരസഭാ ഹാളിൽ നടന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം നഗരസഭ അധ്യക്ഷ ജോസിൻ ബിനോ നിർവഹിച്ചു. വികസന കാര്യ സ്ഥിരം സമിതി അധ്യക്ഷൻ സാവിയോ കാവുകാട്ട് അധ്യക്ഷനായി. കുടുംബശ്രീ ബ്ലോക്ക് കോ ഓർഡിനേറ്റർ പാർവതി പരമേശ്വരൻ വിഷയാവതരണം നടത്തി. നഗരസഭ വ്യവസായ വികസന ഓഫീസർ പി. ചന്ദ്രൻ പരിശീലന ക്ലാസുകൾക്ക് നേതൃത്വം നൽകി. ആരോഗ്യ കാര്യ സ്ഥിരംസമിതി അധ്യക്ഷന്മാരായ ഷാജു തുരുത്തൻ, നഗരസഭാ അംഗങ്ങളായ ജോസ് ചീരാംകുഴി, ആർ. സന്ധ്യാ, മായാ രാഹുൽ, സിജി ടോണി, സി.ഡി.എസ് ചെയർപേഴ്സൺ ശ്രീകല അനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



# രാജമലയിലെ പന്നൽ ഗാർഡൻ ഓണത്തിന് തുറക്കും

**മൂന്നാർ:** ഇരവികുളം ദേശീയോദ്യാനത്തിന്റെ ഭാഗമായ രാജമലയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് വരയാടിനും ഓർക്കിഡ് ചെടികൾക്കുമൊപ്പം ഇനി മുതൽ പന്നൽ ചെടികളും കണ്ടു മടങ്ങാം. സംസ്ഥാനത്തെ ആദ്യത്തെ പന്നൽ ഗാർഡൻ (ഫേണറേറിയം) ഓണത്തിന് സഞ്ചാരികൾക്കായി തുറക്കുമെന്ന് വൈൽഡ് ലൈഫ് വാർഡൻ എസ്.വി.വിനോദ്, അസിസ്റ്റന്റ് വാർഡൻ ജോബ് ജെ.നേര്യംപറമ്പിൽ എന്നിവർ പറഞ്ഞു. രാജമലയുടെ പ്രവേശന കവാടമായ അഞ്ചാംമൈലിലെ വനം വകുപ്പിന്റെ ഓർക്കിഡേറിയത്തിനു സമീപത്താണ് 500 ചതുരശ്ര അടിയിലുള്ള മഴ മറയ്ക്കുള്ളിലായി പുതിയ പന്നൽ ഗാർഡൻ ഒരുങ്ങുന്നത്.

ഇരവികുളം ദേശീയോദ്യാനത്തിൽ നിന്നുള്ള 104 ഇനത്തിൽ പെട്ട പന്നൽ ചെടികളാണ് ഇവിടെ തയാറാക്കുന്നത്. നാൽപതിലധികം ചെടികൾ ഇതിനോടകം ഇവിടെ നട്ടുകഴിഞ്ഞു. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കോളജ് ഓഫ് ഫോറസ്ട്രിയിൽ നിന്നുള്ള ഗവേഷകന്റെ നേതൃത്വത്തിലാണ് ഉൾവനങ്ങളിൽ നിന്നുൾപ്പെടെ ഇവ ശേഖരിച്ച് പന്നൽ ഗാർഡനിലെത്തിക്കുന്നത്. ഒരു മാസത്തിനകം ഇവ നട്ടുപിടിപ്പിക്കുന്ന പണികൾ പൂർത്തിയാകും.

പ്രത്യേകം തയാറാക്കിയ മഴ മറയ്ക്കുള്ളിൽ ഉൾവനങ്ങളിലേതിന് സമാനമായ അന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്. ചൂടും കാറ്റും വെളിച്ചവും യഥേഷ്ടം ലഭിക്കും. ഫോഗ് ഇറിഗേഷൻ (മിസ്റ്റ് ഇറിഗേഷൻ) സംവിധാനമാണ് ചെടികൾ നനയ്ക്കാൻ ഒരുക്കിയിരിക്കുന്നത്.

ഒന്നു മുതൽ 100 വർഷം വരെ പ്രായമുള്ള പന്നൽ ചെടികളാണ് ഇവിടെ നട്ടുപിടിപ്പിക്കുന്നത്. വിദഗ്ധ പരിശീലനം ലഭിച്ച വനം വകുപ്പ് ഉദ്യോഗസ്ഥന്റെയും മലബാർ ഏലം കമ്മിറ്റിയിൽ പെട്ടതും ഇടമലക്കുടി നിവാസികളുമായ 2 വാച്ചർമാരുടെയും നേതൃത്വത്തിലാണ് ഇവയുടെ സംരക്ഷണം



# വിരിപ്പുകൃഷിക്ക് നടീൽ തുടങ്ങി

പെരുമ്പിലാവ് : ഒറ്റപ്പിലാവ് തണത്തറ പാലത്തിനു സമീപമുള്ള കാക്കശ്ശേരി പാടശേഖരത്തിൽ വിരിപ്പുകൃഷിക്കു നടീൽ പൂർത്തിയായി. വിദഗ്ധരായ തൊഴിലാളികളെ ലഭിക്കാത്തതിനാൽ വൈകിയാണു നടീൽ നടത്തിയത്. സാധാരണ രീതിയിൽ വിരിപ്പിന് വിതയ്ക്കുകയാണ് പതിവ്. ഈ രീതിയിലുള്ള കൃഷിക്കു കളശല്യം കൂടിയതോടെയാണു ചെലവു കൂടുതലുള്ള നടീൽ രീതിയിലേക്കു മാറാൻ കർഷകർ നിർബന്ധിതരായത്. കളനാശിനികൾ പ്രയോഗിച്ചിട്ടും കഴിഞ്ഞ വർഷം കള നിയന്ത്രിക്കാൻ സാധിച്ചില്ലെന്നു കർഷകർ പറഞ്ഞു. പലരുടെയും കൃഷി ഇതിനാൽ നശിച്ചിരുന്നു. കൃഷി വൈകിയതിനാൽ വിളവെടുപ്പും വൈകും. മുണ്ടകൻ കൃഷിക്കു തടസ്സം ഉണ്ടാകാത്ത തരത്തിൽ, ജലക്ഷാമം ഇല്ലാത്ത ഭാഗങ്ങളിൽ മാത്രമാണു വിരിപ്പുകൃഷി ഇറക്കിയിട്ടുള്ളത്. കർഷകരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചാണ് ഇത്തവണ മഴ പെയ്തത്. കാലാവസ്ഥാ വ്യതിയാനം മൂലം പരമ്പരാഗത കൃഷി രീതികളുടെ താളം തെറ്റുന്നത് നെൽക്കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

# കല്ലായിപ്പുഴ ചതുപ്പായി മാറുന്നു



**കോഴിക്കോട്:** മണ്ണടിഞ്ഞ്, ഒഴുക്കു നഷ്ടപ്പെട്ടു കല്ലായിപ്പുഴ നാശത്തിന്റെ പടവുകളിൽ. കല്ലായിപ്പാലം മുതൽ അഴിമുഖം കോതിപ്പാലം വരെ പുഴയിൽ ചെളിയും മണലും അടിഞ്ഞു. കോതിപ്പാലത്തിനു സമീപം അഴിമുഖം അടഞ്ഞു ചെളിയും മണലും നിറഞ്ഞിട്ടുണ്ട്. വർഷകാലത്തും ഇവിടെ മൺതിട്ട ജലനിരപ്പിനു മുകളിലാണ്. വേലിയിറക്ക നേരത്തു പുഴയിൽ വെള്ളം നന്നേ കുറഞ്ഞു മൺതിട്ട ഉയർന്നു കാണാം. അഴിമുഖത്തെ മണ്ണു കാലാകാലങ്ങളിൽ നീക്കാത്തതാണു കാരണം.

കല്ലായിപ്പുഴ അഴിമുഖത്തെ മണ്ണു മാറ്റണമെന്ന ആവശ്യവും അതു സംബന്ധിച്ച പ്രസ്താവനകളും വർഷങ്ങളായി നടക്കുന്നുണ്ട്. എന്നാൽ, മണ്ണു മാറ്റാൻ മാത്രം നടപടിയില്ല. ഒരു ഘട്ടത്തിൽ മണ്ണും ചെളിയും എടുക്കാൻ തീരുമാനിച്ചു. എന്നാൽ, അത് എവിടെ നിക്ഷേപിക്കുമെന്നതിൽ തീരുമാനമായില്ല. പുറംകടലിൽ നിക്ഷേപിക്കാം എന്ന നിർദേശമുണ്ടായെങ്കിലും അതു തിരിച്ചു തീരത്തേക്ക് എത്തുമെന്ന ആശങ്കയുണ്ടായി. അഴിമുഖത്തു മണ്ണും ചെളിയും അടിഞ്ഞതോടെ ഒഴുക്കു കുറഞ്ഞു.

അതോടെ ബാക്കി ഭാഗത്തും ചെളി കെട്ടിക്കിടക്കാൻ തുടങ്ങി. ഇപ്പോൾ, കല്ലായിപ്പാലം വരെ ചെളി അടിയുന്നുണ്ട്. ഇതു തുടർന്നാൽ സമീപ ഭാവിയിൽ കല്ലായിപ്പുഴയിലെ ഒഴുക്കു നിലച്ചു ചെളിനിറഞ്ഞു ചതുപ്പായി മാറും.

കല്ലായിപ്പുഴയിലെ ഒഴുക്കു കുറഞ്ഞത് നഗരത്തിലെ വെള്ളക്കെട്ടിനു കാരണമായിട്ടുണ്ട്. അഴിമുഖത്തെ ചെളിയും മണലും മാറ്റി ഒഴുക്കു സുഗമമായാൽ മഴക്കാലത്തു വെള്ളം അതിവേഗം കടലിലേക്ക് ഒഴുകും.

അതോടെ നഗരത്തിലെ വെള്ളം പുഴയിലേക്ക് എത്തുകയും ചെയ്യും.

## 4 ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം

**കൊല്ലം:** സംസ്ഥാനത്തെ 4 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തിനും 3 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുമാണ് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചത്.

കൊല്ലം സാമൂഹികാരോഗ്യ കേന്ദ്രം തൃക്കടവൂർ 87% സ്‌കോറും, കോട്ടയം എഫ്എച്ച്സി ഉദയനാപുരം 97% സ്‌കോറും, കൊല്ലം എഫ്എച്ച്സി ശൂരനാട് സൗത്ത് 92% സ്‌കോറും, കൊല്ലം എഫ്എച്ച്സി പെരുമൺ 84% സ്‌കോറും, നേടിയാണ് പുതുതായി അംഗീകാരം നേടിയത്. ഇതോടെ സംസ്ഥാനത്തെ 164 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം നെടിയെടുക്കാനായതായി മന്ത്രി വ്യക്തമാക്കി.

5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 107 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്. ഇതുകൂടാതെ 10 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരാശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണ്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസന്റീവ് ലഭിക്കും.

സർക്കാർ ആശുപത്രികളിൽ മികച്ച സൗകര്യങ്ങളും സേവനങ്ങളുമൊരുക്കി കൂടുതൽ സർക്കാർ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനായി വലിയ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഗുണനിലവാരം ഉറപ്പാക്കാനായി ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ എംഎൽഎമാരുൾപ്പെടെയുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു.

എംഎൽഎമാരുടെയും മറ്റ് ജനപ്രതിനിധികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സർക്കാർ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം.

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ കുടുംബ കോടതികളിൽ പ്രിൻസിപ്പൽ കൗൺസിലർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടലിൽ പ്രസിദ്ധീകരിച്ചു. www.hckrecruitment.nic.in എന്ന വെബ്സൈറ്റിൽ ഫലം ലഭിക്കും.

## ക്യാഷ് അവാർഡിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ അംഗത്വം ലഭിച്ച തൊഴിലാളികളുടെ മക്കളിൽ വിവിധ പരീക്ഷകളിലും കലാകായികസാംസ്കാരിക രംഗങ്ങളിൽ നേട്ടം കൈവരിച്ചവർക്കുമുള്ള ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു.

202223 അധ്യയന വർഷം എസ്.എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിലും എ പ്ലസ്, സി ബി എസ് സി വിഭാഗത്തിൽ എ1, ഐ സി എസ് ഇ വിഭാഗത്തിൽ എല്ലാ വിഷയത്തിലും 90 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർഥികൾക്കും, 202223 അധ്യയന വർഷം ഡിഗ്രി, പി ജി (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) കോഴ്സുകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർഥികൾക്കും, കഴിഞ്ഞ അധ്യയന വർഷം കലാകായികസാംസ്കാരിക രംഗങ്ങളിൽ പ്രാഗത്ഭ്യം ലഭിച്ച വിദ്യാർഥികൾക്കും അപേക്ഷിക്കാം.

സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം അംഗത്തിന്റെ ഫോൺ നമ്പർ, ക്ഷേമനിധി ഐ. ഡി. കാർഡിന്റെ കോപ്പി, ആധാർ കാർഡ് കോപ്പി, വിദ്യാർഥിയുടെ എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ കോപ്പി, വിദ്യാർഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, അംഗത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കണം. അപേക്ഷകൾ സെപ്റ്റംബർ 30ന് മുൻപായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ നൽകണം. ഫോൺ: 0471 2572189.



## തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് ടൂറിസം പദ്ധതി നടപ്പിലാക്കും: മന്ത്രി മുഹമ്മദ് റിയാസ്

**കണ്ണൂർ:** പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്താൻ ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് ടൂറിസം വകുപ്പ് പുതിയ പദ്ധതി നടപ്പിലാക്കുമെന്ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2022 23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കോൺഫറൻസ് ഹാൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ ടൂറിസം പദ്ധതിയുടെ 60 ശതമാനം ടൂറിസം വകുപ്പും 40 ശതമാനം ത്രിതല പഞ്ചായത്തുകളും വഹിക്കുമെന്നും മന്ത്രി പറഞ്ഞു. പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയും. കേരളത്തിന്റെ ടൂറിസം കേന്ദ്രങ്ങളുടെ സൗന്ദര്യം ലോകത്തിന് പരിചയപ്പെടുത്തികൊടുക്കാൻ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായ, 21 രാജ്യങ്ങളിലെ 25 വ്ലോഗർമാരെ കേരളത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. ഒട്ടേറെ ടൂറിസം കേന്ദ്രങ്ങൾ ഇനിയും കേരളത്തിൽ കണ്ടെത്തേണ്ടതുണ്ട്. കേരളത്തിലെ ഓരോ പ്രദേശത്തും ടൂറിസം വികസനത്തിന് അനന്ത സാധ്യതകൾ ഉണ്ടെന്നും മന്ത്രി പറഞ്ഞു.

ചെറുകുന്ന് താവത്തെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് നടന്ന ചടങ്ങിൽ എം വിജിൻ എംഎൽഎ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ വിശിഷ്ടാതിഥിയായി. ഡി വിമല, മുൻ എംഎൽഎ സി കൃഷ്ണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരായ എം ശ്രീധരൻ (ചെറുതാഴം), ടി നിഷ (ചെറുതാഴം), പി ഗോവിന്ദൻ (ഏഴോം), ഫാരിഷ ടീച്ചർ (മാട്ടൂൽ), കെ രതി (കണ്ണപുരം), ടി ടി ബാലകൃഷ്ണൻ (കല്ല്യാശ്ശേരി), കെ രമേശൻ (നാറാത്ത്), ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എസ് കെ ആബിദ ടീച്ചർ, സിപി ഷിജു, കെ താഹിറ, ബ്ലോക്ക് പഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർമാൻ എ വി രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ പത്മിനി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ കെ അനിത, തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ ടി ജെ അരുൺ, ഔഷധി ഡയറക്ടർ കെ പത്മനാഭൻ, ജോയിന്റ് ബി ഡി ഒ എം കെ പി ഷുക്കൂർ, രാഷ്ട്രീയ കക്ഷി നേതാക്കളായ ഒ വി നാരായണൻ, ടി ചന്ദ്രൻ, പി വി ബാബു രാജേന്ദ്രൻ, ബി മുഹമ്മദ് അഷ്റഫ് എന്നിവർ സംസാരിച്ചു. കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്ന് 62 ലക്ഷം രൂപ വിനിയോഗിച്ച് പ്രീഫാബ് ടെക്നോളജിയിലാണ് ശീതീകരിച്ച കോൺഫറൻസ് ഹാൾ നിർമിച്ചത്. സിൽക്ക് കൺസൾട്ടൻസിയായി കാർട്ടൻ ഇന്ത്യ അലയൻസ് പ്രൈവറ്റ് ലിമിറ്റഡ് മൂന്ന് മാസം കൊണ്ടാണ് ഹാളിന്റെ പ്രവൃത്തി പൂർത്തിയാക്കിയത്

# തെരുവു നായ നിയന്ത്രണം: കോലഞ്ചേരിയിൽ എ.ബി.സി കേന്ദ്രം ആരംഭിക്കും

**കൊച്ചി:** തെരുവു നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുക, പേവിഷബാധ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ അനിമൽ ബർത്ത് കൺട്രോളർ (എ.ബി.സി) പദ്ധതി നടപ്പാക്കുന്നത്. ജില്ലയിൽ മുളന്തുരുത്തിക്ക് പുറമെ കോലഞ്ചേരിയിലും എ.ബി.സി. കേന്ദ്രം പ്രവർത്തനമാരംഭിക്കും. ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ, വടവുകോട് ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ കോലഞ്ചേരി മൃഗാശുപത്രിയോട് ചേർന്നാണ് സെന്റർ പ്രവർത്തിക്കുക. ജില്ലാ പഞ്ചായത്തിനൊപ്പം മൃഗസംരക്ഷണ വകുപ്പ്, വടവുകോട്, മൂവാറ്റുപുഴ ബ്ലോക്കുകൾ, ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ തുടങ്ങിയവ സംയോജിച്ചാണ് കോലഞ്ചേരിയിൽ എ.ബി.സി.കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഓപ്പറേഷൻ തിയേറ്റർ സഹായി, നാല് മൃഗ പരിപാലകർ, ഒരു ക്ലീനിംഗ് തൊഴിലാളി എന്നിവരുടെ സേവനം ലഭ്യമാകും. സ്ഥല സൗകര്യമുള്ള മൃഗാശുപത്രികളിലാണ് വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുക.തെരുവുകളിൽ അലഞ്ഞു തിരിയുന്ന നായ്ക്കളിൽ വന്ധ്യംകരണം നടത്തുന്നത് വഴി തെരുവ് നായകളുടെ എണ്ണം നിയന്ത്രണ വിധേയമാക്കാനും അതുവഴി തെരുവുനായ ആക്രമണങ്ങൾ ഇല്ലാതാക്കാനും സാധിക്കും. നായ പിടുത്തത്തിൽ പരിശീലനം ലഭിച്ചവരുടെ സഹായത്തോടെ കേന്ദ്രങ്ങളിൽ എത്തിക്കുന്ന ആൺ പെൺ നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയ്ക്ക് വിധേയമാക്കുന്നു. ശസ്ത്രക്രിയ നടത്തിയ പെൺനായ്ക്കളെ അഞ്ച് ദിവസവും ആൺ നായ്ക്കളെ നാല് ദിവസവും പരിചരിക്കുകയും ശേഷം അവയെ പിടിച്ച സ്ഥലത്തു തന്നെ തുറന്നു വിടുകയും ചെയ്യും.ജില്ലയിൽ 2023-24 സാമ്പത്തിക വർഷം മൂന്നു കേന്ദ്രങ്ങൾ കൂടി ആരംഭിക്കാൻ ലക്ഷ്യമിടുന്നു. പറവൂർ, വൈപ്പിൻ ബ്ലോക്കുകൾക്കായി



യുള്ള കേന്ദ്രത്തിന് ചെറായിൽ സ്ഥലസൗകര്യം ലഭ്യമായിട്ടുണ്ട്. വൈപ്പിൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കേന്ദ്രത്തിലേക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കും. ആലങ്ങാട്, അങ്കമാലി, പാറക്കടവ്, വാഴക്കുളം ബ്ലോക്കുകൾക്കായുള്ള കേന്ദ്രത്തിനു സ്ഥലം കണ്ടെത്തുന്നത്തിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. അതിനായി ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷംവകയിരുത്തിയിട്ടുണ്ട്.കോതമംഗലം, കൂവപ്പടി ബ്ലോക്കുകൾക്കായുള്ള സ്ഥല സൗകര്യത്തിന്ജില്ലാ ഭരണ തലത്തിൽ നടപടികൾ നടന്നു വരുന്നു.പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്കുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കായികൊച്ചി കോർപ്പറേഷന്റെ എ. ബി. സി സൗകര്യങ്ങൾ ഉപയാഗിക്കാനുള്ളഅനുമതിക്കായുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.മൂന്നു വർഷത്തിനകം പേവിഷം നിർമാർജ്ജനം ചെയ്യുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം.

# കെ.എം.സി.സി കപ്പ്: ഇൻഡോർ ക്രിക്കറ്റ് ടൂർണമെന്റ് ഇന്ന് മുതൽ

**കൊച്ചി:** ഇരുപത്തിയൊന്നാമത് ഓൾ ഇന്ത്യ ഡേ ആന്റ് നൈറ്റ് ഇൻഡോർ ക്രിക്കറ്റ് ടൂർണമെന്റ് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് ആരംഭിക്കും. കെ.എം.സി.സി. യൂത്ത് വിങ്ങ് സംഘടിപ്പിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ടെന്നീസ് ബോൾ ക്രിക്കറ്റ് ടൂർണമെന്റാണിതെന്ന് കെ.എം.സി.സി. യൂത്ത് വിംഗ് പ്രസിഡന്റ് കാർത്തിക് എം. എസ്, ജനറൽ സെക്രട്ടറി കെ.ഗോപാലകൃഷ്ണൻ എന്നിവർ വാരർത്താ സമ്മേളനത്തിൽ അറിയിച്ചു.ഇന്ന് രാവിലെ 9.30ന് റീജ്യണൽ സ്പോർട്സ് സെന്റർ സെക്രട്ടറി എസ് എ എ നവാസ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. നാല് ദിവസം നീണ്ടുനിൽക്കുന്ന ഡേ ആൻഡ് നൈറ്റ് ടൂർണമെന്റിൽ മുൻ വർഷത്തെ വിജയികളായ കെപിഎ 123 കണ്ണൂർ, ഈസി വേ ലോൺഡ്രി, പുഞ്ചിരി സിസി തലശ്ശേരി, അറ്റ്ലസ് യുടിസി(കുവൈറ്റ്), ഇൻഡോറൈഡേഴ്സ് (സൗദി അറേബ്യ) തുടങ്ങി കേരളത്തിലെയും കേരളത്തിന് പുറത്ത് നിന്നുമുള്ള മികച്ച അമ്പത് ടീമുകൾ പങ്കെടുക്കും. ഗൾഫ് രാജ്യങ്ങളിൽ നിന്ന് അഞ്ച് ടീമുകൾ ഇത്തവണ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ പ്രബലരായ രണ്ട് സെലിബ്രിറ്റി ടീമുകളും ടൂർണ്ണമെന്റിന്റെ ഭാഗമാകും. കേരള മർച്ചൻസ് ചേംബർ ഓഫ് കൊമേഴ്സിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ഈ വർഷത്തെ ടെന്നീസ് ബോൾ ക്രിക്കറ്റ് ടൂർണ്ണമെന്റിന്റെ വിജയത്തിനായി വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. അമ്പതാം വാർഷികത്തിന്റെ പ്രൗഢി വിളിച്ചോതുന്ന രീതിയിൽ തന്നെയായിരിക്കും മത്സരങ്ങൾക്ക് വേദി ഒരുങ്ങുക. ജൂലൈ 20ന് ആരംഭിച്ച് 23ന് സമാപിക്കുു. നാല് ദിവസം നീണ്ടു നിൽക്കുന്ന രാപ്പകൽ ടൂർണ്ണമെന്റിൽ മുൻ ഇന്ത്യൻ ഫുട്ബോൾ ടീം അംഗവും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായ യു. ഷറഫലി, ഐ പി എൽ താരം വിഷ്ണു വിനോദ് തുടങ്ങി സ്പോർട്സ് മേഖലയിലെ നിരവധി പ്രമുഖർ അതിഥികളായെത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

# 'ഗോസ്റ്റ് ട്രീസ് ദി ജേർണി ത്രൂ മൈൻഡ്സ്കേപ്പ്സ്' ഏകാംഗ ചിത്രപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന ഷാജി അപ്പുക്കുട്ടന്റെ 'ഗോസ്റ്റ് ട്രീസ് ദി ജേർണി ത്രൂ മൈൻഡ്സ്കേപ്പ്സ്' ഏകാംഗ ചിത്രപ്രദർശനം അക്കാദമിയുടെ പയ്യന്നൂർ ആർട്ട് ഗ്യാലറിയിൽ ഇന്ന് ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 2022-23ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 5 മണിക്ക് എഴുത്തുകാരൻ സി.വി. ബാലകൃഷ്ണൻ നിർവ്വഹിക്കും. കലാചരിത്രകാരൻ ബിപിൻ ബാലചന്ദ്രനാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.കേരളത്തിലെ സമകാലീന കലാകാരരിൽ ശ്രദ്ധേയനായ ഷാജി അപ്പുക്കുട്ടന്റെ ഏറ്റവും പുതിയ ചിത്രങ്ങളുടെ പ്രദർശനമാണ് കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്നത്. തൊണ്ണൂറുകൾ മുതൽ കേരളത്തിലെ ദൃശ്യകലാരംഗത്ത് സജീവ സാന്നിദ്ധ്യമായ ഷാജി അപ്പുക്കുട്ടൻ 1992 ൽ കേരള ലളിതകലാ അക്കാദമി അവാർഡും 2019 ൽ പൊളേളാക്ക് ക്രാസ്നർ അന്താരാഷ്ട്ര പുരസ്ക്കാരവും നേടിയിട്ടുണ്ട്. പ്രകൃതി ചിത്രീകരണ രീതിയിൽ സമകാലീന കലാകാരർ നേരിടുന്ന പ്രതിസന്ധിയെ തനതായ മാർഗ്ഗത്തിലൂടെ മറികടക്കുകയാണ് ഷാജി ഈ ചിത്രങ്ങളിൽ. സാമ്പ്രദായിക ചിഹ്ന വ്യവസ്ഥകൾ അർത്ഥോത്പാദനത്തിൽ സൃഷ്ടിക്കുന്ന സന്നിഗ്ദ്ധതയും അന്യമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയെക്കുറിച്ചുള്ള ഉൽക്കണ്ഠയും ചേർന്ന് രൂപം നൽകുന്ന അപരചിതത്വത്തെയും അഭാവത്തെയും അഭിസംബോധന ചെയ്യുന്നതു വഴി ഓരോ കാണിക്കുംപ്രകൃതിയുമായുള്ള വൈയക്തിക ബന്ധത്തെ തിരിച്ചറിയാനും അതേക്കുറിച്ച് വിചിന്തനം ചെയ്യാനുമുള്ള തുറസ്സുകളായിത്തീരുന്നു ഷാജിയുടെ ഓരോ ചിത്രവും എന്ന് ക്യൂറേറ്റർ അഭിപ്രായപ്പെടുന്നു.പ്രദർശനം ജൂലായ് 29ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 6.30 വരെയാണ്.

# ഉമ്മൻചാണ്ടിക്ക് പ്രണാമം: സർവ്വമത പ്രാർത്ഥന സംഘടിപ്പിച്ചു




**കൊച്ചി :**അന്തരിച്ച ജനനായകൻ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട് എറണാകുളം സൗത്ത് നോർത്ത് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി വഞ്ചി സ്ക്വയറിൽ സർവ്വമത പ്രാർത്ഥന സംഘടിപ്പിച്ചു.സർവ്വമത പ്രാർത്ഥനയ്ക്ക് പ്രൊഫ. എം കെ സാനു നേതൃത്വം നൽകി, വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ, ഫാ.പോൾ തേലക്കാട്, പ്രൊഫ.കെ അരവിന്ദാക്ഷൻ, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി.വേണു, ആർ.കെ.ദാമോദരൻ, അഡ്വ. സന്തോഷ് കുമാർ, രംഗദാസ പ്രഭു, സി.സി ജേക്കബ്, ബ്ലെസ്സി ജോർജ്, ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ഡൊമിനിക് പ്രസന്റേഷൻ, എൻ.വേണുഗോപാൽ, ലൂഡി ലൂയിസ്, കെ.വി.പി കൃഷ്ണകുമാർ, കെ.എക്സ് സേവ്യർ, സി.കെ.ഗോപാലൻ, ബ്ലോക്ക് പ്രസിഡന്റ്മാരായ വിജു ചൂളക്കൽ, സനൽ നെടിയതറ, ലിനോ ജേക്കബ്, മനു ജേക്കബ്, എം.ജെ.അരിസ്റ്റോട്ടിൽ, ഹെൻട്രി ഓസ്റ്റിൻ, വി.കെ.ശശികുമാർ, ജോഷി പള്ളൻ, ഒ.ഡി സേവ്യർ തുടങ്ങിയവർ സർവ്വമത പ്രാർത്ഥനയിൽ പങ്കെടുത്തു.

# അങ്കണവാടി വർക്കർ, ഹെൽപ്പർ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടേയും, ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉാകാവുന്ന ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനായി കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാക്കേതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ ഓഗസ്റ്റ് 5ന് വൈകീട്ട് 5 വരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ 2ാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0484 2448803

# അങ്കണവാടി ഹെൽപ്പർ ഒഴിവ്; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഐ.സി.ഡി.എസ് മുളന്തുരുത്തി അഡിഷണൽ പ്രോജക്ട് പരിധിയിൽ വരുന്ന ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ ഹെൽപ്പർമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ള വനിതകളിൽ നിന്നും മാത്രം അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 01/01/2023 ന് 18 വയസ്സ് പൂർത്തിയായവരും 46 വയസ്സ് അധികരിക്കാത്തവരുമായിരിക്കണം. എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവർക്ക് 3 വർഷത്തെ വയസ്സിളവ് അനുവദിച്ചിട്ടു്. കൂടാതെ അങ്കണവാടി പ്രവർത്തി പരിചയം ഉള്ളവർക്ക് ഒരു വർഷത്തിന് ഒന്ന് എന്ന നിലയിൽ പരമാവധി 3 വർഷത്തെ വയസിളവു്. കൂടുതൽ വിവരങ്ങള് മുളന്തുരുത്തി അഡിഷണൽ ഐ സി ഡി എസ് പ്രോജക്ട് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാണ്. ഫോൺ: 9188959730.അപേക്ഷകൾ ഐ സി ഡി എസ് മുളന്തുരുത്തി അഡീഷണൽ, പഴയ പഞ്ചായത്ത് കാര്യാലയം തിരുവാങ്കുളം 682305 എന്ന വിലാസത്തിൽ ജൂലൈ 31 വൈകിട്ട് 5 വരെ സ്വീകരിക്കും.

## കൊച്ചി നഗരസഭയിൽ അസിസ്റ്റൻറ് എഞ്ചിനീയർ ഒഴിവ്

**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിലേക്ക് അസിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിൽ നിയമിക്കുന്നതിന്
B. Tech Civil/ Agricultural Engineering Degree യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. മേൽ പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ (1) മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമയും കുറഞ്ഞത് അഞ്ച് വർഷം തൊഴിലുറപ്പ് പദ്ധതി/തദ്ദേശ സ്വയംഭരണ/ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ/ സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നിവയിൽ ഏതെങ്കിലും ഉള്ള പ്രവൃത്തി പരിചയം. (2) ര് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റും കുറഞ്ഞത് പത്ത് വർഷം തൊഴിലുറപ്പ് പദ്ധതി/ തദ്ദേശസ്വയംഭരണ/ സർക്കാർ /അർദ്ധസർക്കാർ/ പൊതുമേഖലാ/ സർക്കാർ മിഷൻ/ സർക്കാർ ഏജൻസി എന്നിവയിൽ ഏതെങ്കിലും ഉള്ള പ്രവൃത്തി പരിചയം. ടി യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതാണ്. അപേക്ഷകൾ 27/07/2023 ാം തീയതി അഞ്ചുമണിക്ക് മുമ്പ് നഗരസഭാ ഓഫീസിൽ ലഭിക്കേണ്ടതാണ്

## പരിശീലന പരിപാടി

**കൊച്ചി:**സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സിഡിറ്റ്), സൗരോർജ്ജ സാങ്കേതിക വിദ്യയിൽ രു ദിവസത്തെ പരിശീലനം ജൂലൈ 31, ഓഗസ്റ്റ് 1 തീയ്യതികളിൽ തിരുവനന്തപുരത്തു നടത്തുന്നു. യോഗ്യത, ഫീസ് തുടങ്ങിയ വിശദാംശങ്ങൾ സി ഡിറ്റ് വെബ് സൈറ്റായ www.cdit.org നിന്ന് ലഭ്യമാണ്. താത്പര്യമുള്ളവർ ജൂലൈ 25ന് മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്യണം. ഫോൺ: 9895788233.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലും ടെക്നോളജികണ്ണൂരിൽ, കെമിസ്ട്രി, വിഷയത്തിൽ ഗസ്റ്റ് ഫാക്കൽട്ടി നിയമനത്തിന് ജൂലൈ 18 ന് നടത്താനിരുന്ന വാക്ക്ഇൻഇന്റർവ്യൂ ജൂലൈ 21 ന് രാവിലെ 11.30ന് തോട്ടടയിലെ ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസിൽ നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും, ബിഎഡും കരസ്ഥമാക്കിയിട്ടുള്ളവരും അധ്യാപക പരിചയമുള്ളവരുമായ ഉദ്യോഗാർത്ഥികൾ യോഗ്യതയും, പ്രവൃത്തി പരിചയവും തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസലും, കോപ്പിയും സഹിതം ഇൻസ്റ്റിറ്റ്യൂട്ടിൽ എക്സിക്യൂട്ടീവ് ഡയറക്ടർ മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0497 2835390.

## അങ്കണവാടി വർക്കർ/ഹെൽപ്പർ ഇന്റർവ്യൂ തീയതി മാറ്റി

**കൊച്ചി:** മുൻ മുഖ്യമന്ത്രി ഉമ്മൻ ചാിയുടെ നിര്യാണത്തെ തുടർന്ന് സർക്കാർ പൊതു അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ മൂവാറ്റുപുഴ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള പായിപ്ര പഞ്ചായത്തിലെ അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി ജൂലൈ 18, 19, 20 തീയതികളിൽ പായിപ്ര പഞ്ചായത്ത് ഓഫിസിൽ നടത്താനിരുന്ന ഇന്റർവ്യൂ ജൂലൈ 25, 26, 27 തീയതികളിൽ നടത്തും. സമയക്രമത്തിൽ മാറ്റമുായിരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് മൂവാറ്റുപുഴ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ 0485 2814205.

## അസാപ് കേരള നൈപുണ്യ പരിശീലനം

**കൊച്ചി:** പ്ലസ് ടു, ഡിഗ്രി കഴിഞ്ഞവർക്കും, തൊഴിൽ അന്വേഷകർക്കും തൊഴിൽ നഷ്ടപെട്ട സ്ത്രീകൾക്കും തൊഴിൽ സാധ്യത കൂടുതലുള്ള മേഖലകളിൽ അസാപ് കേരള നൈപുണ്യ പരിശീലനം നൽകുന്നു. കോറോണയ്ക്ക് ശേഷം ഏറ്റവും അധികം തൊഴിൽ സാധ്യത വർധിച്ച മേഖലയായ ഡിസൈനിങ്, സോഷ്യൽ മീഡിയ ഡിസൈനിങ് തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിക്കും. സ്ഥലം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശേരി, തിയതി ജൂലൈ 21. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപറേഷന്റെയും അസാപ് കേരളയുടെയും സർട്ടിഫിക്കേഷനോടു കൂടി നടത്തുന്ന പരിശീലന പരിപാടിയെകുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9633377748/ 9778598336.

# കൊച്ചി നഗര വികസനം: രൂപരേഖ തയ്യാറായെന്ന് മേയർ



**കൊച്ചി:** കൊച്ചി നഗരത്തിന്റെ മുഖം കൂടുതൽ തിളക്കമേകാൻ സഹോദരൻ അയ്യപ്പൻ റോഡിലെ ആധുനിക നടപ്പാത നിർമ്മാണമുൾപ്പെടെയുള്ള വികസന പദ്ധതിയുടെ രൂപരേഖയായതായി കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ പറഞ്ഞു. നഗരത്തിലെ പൊതു ഗതാഗതം ശക്തിപ്പെടുത്തുക എന്നതാണ് നയം. ഇതിനായി നഗരത്തിലെ റോഡുകൾക്കൊപ്പം, നടപ്പാതകളും മെച്ചപ്പെടുത്തുക എന്നത് പ്രധാനമാണ്.നിലവിൽ നഗരത്തിൽ ബി.എം & ബി.സി. നിലവാരത്തിലുള്ള റോഡുകൾ വർധിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന് ശേഷം മികച്ച റോഡുകളോടൊപ്പം നടപ്പാതകളും കാൽനട സൗഹാർദ്ദമായി മാറിയിട്ടുമുണ്ട്. എന്നാൽ സ്മാർട്ട് സിറ്റി പ്രദേശത്തിന് പുറത്ത് ഇത്തരം നടപ്പാതകൾ സ്ഥാപിക്കുന്നതിന് ഫണ്ട് ഉൾപ്പെടെയുള്ള പരിമിതികൾ ഉണ്ട്.ഇവിടെയാണ് വിവിധ ഏജൻസികളുടെയും സഹായങ്ങൾ കൊച്ചി നഗരസഭ തേടിയത്. ഇതിന്റെ ഭാഗമായി മലയാള മനോരമ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ നീളുന്ന കൊച്ചി മെട്രോയുടെ ഇരു ഭാഗങ്ങളിലും ഫുട്പാത്തുകൾ മനോഹരമാക്കുന്നതും, വഴിവിളക്കുകൾ സ്ഥാപിക്കുന്നതുമുൾപ്പെടെയുള്ള വികസന പദ്ധതി കെഎംആർഎൽ തയ്യാറാക്കി കഴിഞ്ഞുവെന്നും മേയർ പറഞ്ഞു.ഭിന്നശേഷിയുള്ളവർക്കും കാഴ്ച്ചയ്ക്ക് .പരിമിതി.യുള്ളവർക്കും വയോധികർക്കുമുൾപ്പെടെ സുരക്ഷിതമായി അനായാസം സഞ്ചരിക്കാവുന്ന തരത്തിലാണ് കെഎംആർഎൽ നടപ്പാത ഒരുക്കുന്നത്. നിലവിലുള്ള ഓടകൾ പുനർനിർമ്മിക്കാനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കാനകൾ നിർമ്മിക്കാനും പദ്ധതിയുണ്ട്. മാൻഹോളുകളുൾപ്പെടെ നിർമ്മിച്ച് മഴക്കാലത്ത് വെള്ളക്കെട്ട് തടയാനുള്ള നടപടികൾ സ്വീകരിച്ചാകും നടപ്പാതകളുടെ നിർമ്മാണം. ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളും ആവശ്യമായ വഴിവിളക്കുകളും വേസ്റ്റ് ബിന്നുകളും ഇരിപ്പിടങ്ങളും സ്ഥാപിക്കും. നഗരത്തിൽ വൈറ്റില ജംഗ്ഷൻ മുതൽ മനോരമ ജംഗ്ഷൻ വരെ നീളുന്ന സഹോദരൻ അയ്യപ്പൻ റോഡ് ഈ പദ്ധതിയുടെ പ്രധാന ഭാഗമാണ്.മനോരമ ജംഗ്ഷൻ ജിസിഡിഎ ജംഗ്ഷൻ കടവന്ത്ര ജംഗ്ഷൻ എളംകുളം ജംഗ്ഷൻ വഴി വൈറ്റില ജംഗ്ഷനിലെത്തുന്ന ഈ 3.2 കിലോമീറ്റർ ദൂരത്തിലാണ് നവീകരണം നടക്കുക. ഇതിന് മുന്നോടിയായുള്ള സർവ്വേകൾ കെഎംആർഎൽ പൂർത്തിയാക്കി. ഈ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഡിസൈനുകളും മറ്റ് രൂപരേഖകളും തയ്യാറായിക്കഴിഞ്ഞു. മനോരമ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ എസ് എൻ ജംഗ്ഷൻ വരെ നീളുന്ന വികസന പദ്ധതിയുടെ ചെലവ് 29.21 കോടി രൂപയാണ്. നോൺ മോട്ടോറൈസ്ഡ് ഗതാഗത ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുകയെന്നും മേയർ പറഞ്ഞു.കൂടുതൽ ആളുകൾ മെട്രോയെ ആശ്രയിക്കുന്നത് ഗതാഗത കുരുക്ക് കുറയ്ക്കുന്നതിനും പരിസ്ഥിതി മലിനീകരണ നിയന്ത്രണത്തിനും അത്യന്താപേക്ഷിതമാണ്. കൂടുതൽ പേരെ ഇത്തരത്തിൽ മെട്രോ സ്റ്റേഷനിലേക്കെത്തിക്കുവാനാണ് ശ്രമിക്കുന്നത്.നടപാതകളിൽ ആളുകൾക്ക് ഇരിക്കാനും സമയം ചെലവഴിക്കാനും കഴിയുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട് പൊതുജന പങ്കാളിതത്തോടെ ഭംഗിയായി ഈ പദ്ധതി പൂർത്തിയാക്കുവാൻ കൗൺസിലർമാരും, നഗരസഭ ഉദ്യോഗസ്ഥരും ആവശ്യമായ എല്ലാ സഹായവും കെഎംആർഎൽ ന് നൽകും.ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കലൂർ കടവന്ത്ര റോഡ് ന്റെ നിർമാണോത്ഘാടനവും ഈയടുത്ത് നടന്നിരുന്നു. കലൂർ കടവന്ത്ര റോഡ് പൂർത്തീകരികുന്നതോടെ മറ്റൊരു പ്രധാനപെട്ട റോഡും ഇതുപോലെ സജ്ജമാക്കും . സ്മാർട്ട് സിറ്റി പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചു കൂടുതൽ റോഡുകളും ഈ നിലവാരത്തിലേക്ക് ഉയർത്തുവാൻ നഗരസഭ പരിശ്രമിക്കും. മറ്റേതെങ്കിലും പദ്ധതികളിൽ ഉൾപെടുത്തിയും ഇത്തരത്തിൽ കൊച്ചി നഗരത്തിലെ റോഡുകൾ സഞ്ചാര സുഹൃദമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മേയർ വ്യക്തമാക്കി.

## കുന്നത്തുനാട്ടിൽ സ്ലേറ്റ് പദ്ധതി യാഥാർത്ഥ്യമാകുന്നു

**കൊച്ചി:**കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പി .വി. ശ്രീനിജിൻ എം എൽ എ യുടെ വിദ്യാജ്യോതി പദ്ധതിയും എറണാകുളം സെന്റ് തെരേസാസ് കോളേജും സംയുക്തമായി നടപ്പാക്കുന്ന സ്ലേറ്റ് പദ്ധതി യാഥാർത്ഥ്യമാകുന്നു. കൊച്ചിൻ റിഫൈനറിയുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ജൂലൈ 21ന് രാവിലെ 11 ന് നടക്കും. കടയിരുപ്പ് ഗവ.എച്ച്.എസ്.എസിൽ നടക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കും. പി.വി.ശ്രീനിജിൻ എം.എൽ.എ.അധ്യക്ഷത വഹിക്കും. ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ അഭയ്രാജ് സിങ്ങ് ഭണ്ഡാരി മുഖ്യാതിഥിയാകും. സെന്റ് തെരേസാസ് കോളേജ് മാനേജർ റവ.ഡോ.സി.വിനീത പദ്ധതി വിശദീകരണം നടത്തും.നിയോജക മണ്ഡലത്തിലെ 21 സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് സ്ലേറ്റ് (സസ്റ്റെയിനബിലിറ്റി ലീഡർഷിപ് ആൻഡ് ഏജൻസീ ത്രൂ എജ്യൂക്കേഷൻ) പദ്ധതി നടപ്പാക്കുന്നത്. 11,000 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.സുസ്ഥിര വിദ്യാഭ്യാസത്തിന് ഐക്യരാഷ്ട്ര സഭ മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികളിൽ സമഭാവനയും സഹാനുഭൂതിയും വളർത്തുക, ഭരണഘടനാപരവും ധാർമികവുമായ കടമകളെയും അവകാശങ്ങളെയും കുറിച്ച് അവബോധമുണ്ടാക്കുക, ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരാക്കുക, കളികളിലൂടെയുള്ള ഗണിത പഠനം സാധ്യമാക്കുക തുടങ്ങിയവയും ലക്ഷ്യമിടുന്നു. മത്സര പരീക്ഷകൾക്കടക്കം കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലായിരിക്കും പദ്ധതിയുടെ നടത്തിപ്പെന്ന് പി.വി. ശ്രീനിജിൻ എം.എൽ.എ.പറഞ്ഞു.

### സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിലുകളിലേക്ക് അഭിമുഖം

**കൊച്ചി:** ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ മോഡൽ കരിയർ സെന്റർ മുഖേന വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിലുകളിലേക്ക് ജൂലൈ 19ന് അഭിമുഖം നടത്തുന്നു. യോഗ്യത എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, ഡിപ്ലോമ. 25 മുതൽ 40 വരെയാണ് പ്രായപരിധി. താത്പര്യമുള്ളവർ ജൂലൈ 19 ന് രാവിലെ 10 മുതൽ ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം.

# മാക്സിവിഷൻ ഐ ഹോസ്പിറ്റലിന് ക്വാഡ്രിയ ക്യാപ്പിറ്റലിൽ നിന്ന് 1300 കോടി നിക്ഷേപം

**കൊച്ചി:** ഹൈദ്രാബാദ് ആസ്ഥാനമായ മാക്സിവിഷൻ ഐ ഹോസ്പിറ്റലിൽ ആരോഗ്യരക്ഷാരംഗത്തെ ഏഷ്യയിലെ ഏറ്റവും വലിയ നിക്ഷേപസ്ഥാപനങ്ങളിലൊന്നായ ക്വാഡ്രിയ ക്യാപ്പിറ്റൽ 1300 കോടി രൂപ നിക്ഷേപിക്കുമെന്ന് മാക്സിവിഷൻ മുഖ്യപ്രൊമോട്ടറും ചെയർമാനുമായ ഡോ. ജി എസ് കെ വേലു പറഞ്ഞു. ആദ്യഘട്ടത്തിൽ 600 കോടിയും രണ്ടാം ഘട്ടത്തിൽ 700 കോടിയുമാണ് ക്വാഡ്രിയ നിക്ഷേപിക്കുക. രാജ്യത്തെ രണ്ട്, മൂന്ന് തട്ടുകളിലുള്ള പട്ടണങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാനാണ് നിക്ഷേപത്തിന്റെ മുഖ്യപങ്കും വിനിയോഗിക്കുക. കേരളത്തിൽ തൃശൂർ ജില്ലയിലാണ് മൂന്ന് ഐ ഹോസ്പിറ്റലുകൾ സ്ഥാപിക്കുന്നത്.1996ൽ സ്ഥാപിക്കപ്പെട്ട മാക്സിവിഷന് നിലവിൽ ആറ് സംസ്ഥാനങ്ങളിലായി 42 കേന്ദ്രങ്ങങ്ങളുണ്ട്. തിമിരശസ്ത്രക്രിയ, ലാസിക് റെലെക്സ് സ്മൈൽ ട്രീറ്റ്മെന്റുകൾ, റെറ്റിന രോഗങ്ങൾ, ഗ്ലാക്കോമ, ഒക്യുലോപ്ലാസ്റ്റി, നിയോനേറ്റൽ, പിഡിയാട്രിക് ഐ കെയർ തുടങ്ങി നേത്രചികിത്സാരംഗത്തെ സമ്പൂർണസേവനങ്ങളും നൽകുന്ന ശൃംഖലയാണ് മാക്സിവിഷൻ.രാജ്യത്തെ ഏറ്റവും വേഗത്തിൽ വളരുന്ന നേത്രചികിത്സാശൃംഖലകളിലൊന്ന് എന്ന നിലയിൽ ദക്ഷിണേന്ത്യയിലും പശ്ചിമേന്ത്യയിലും വൻവികസനപരിപാടികളാണ് മാക്സിവിഷൻ നടപ്പാക്കുന്നതെന്നും പ്രമുഖ ലാബ് ശൃംഖലയായ ന്യൂറോബെർഗിന്റെ സഹസ്ഥാപകൻ കൂടിയായ ഡോ. ജി എസ് കെ വേലു പറഞ്ഞു. ആരോഗ്യരക്ഷാരംഗത്തെ മുൻനിര കമ്പനികളിലാണ് നിക്ഷേപത്തിനായി ക്വാഡ്രിയ ക്യാപ്പിറ്റൽ തെരഞ്ഞെടുക്കുന്നതെന്ന് ക്വാഡ്രിയ ക്യാപ്പിറ്റൽ പാർട്ണറും ഹെഡ് ഓഫ് സൗത്ത് ഏഷ്യയുമായ സുനിൽ താക്കൂർ പറഞ്ഞു. ഈ പശ്ചാത്തലത്തിലാണ് മാക്സിവിഷനിലെ നിക്ഷേപം. അടുത്ത അഞ്ചു വർഷം പ്രതിവർഷം 12% വളർച്ചയാണ് മാക്സിവിഷൻ പ്രതീക്ഷിക്കുന്നതെന്ന് മാക്സിവിഷൻ സിഇഒ സുധീർ വി എസ് പറഞ്ഞു. വിവരങ്ങൾക്ക്
www.maxivisioneyehospital.com

maxiVision EYE SUPER SPECIALITY HOSPITALS
www.maxivisioneyehospital.com

# മാലിദ്വീപിൽ സെഷനുകളുമായി ടെക്നോറിയസ്

Technaureus

**കോഴിക്കോട്:** ഇ കൊമേഴ്സ്, ബില്ലിങ്ങ്, അക്കൗിങ്ങ്, പ്രൊജക്ട് മാനേജ്മെന്റ്, കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് തുടങ്ങിയ്ക്കാവശ്യമായ ബിസ്നസ് ടൂളുകളടങ്ങിയ ഓഡോ ഇ.ആർ.പി സൊല്യൂഷനുകളെപ്പറ്റി മാലിദ്വീപിൽ സൗജന്യ സെഷനുകളുമായി സർക്കാർ സൈബർപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ടെക്നോറിയസ് ഇൻഫോ സൊല്യൂഷൻസ്. ജൂലൈ 20 മുതൽ 22 വരെ മാലിദ്വീപിലെ വിവിധ സ്ഥലങ്ങളിലായി നടക്കുന്ന സെഷനുകൾക്ക് ടെക്നോറിയസ് ഇൻഫോ സൊല്യൂഷൻസ് ഫൗറും സി.ഇ.ഒയുമായ ജസാദ് മൂഴിയൻ നേതൃത്വം നൽകും.ബിസ്നസ് വളർച്ചയ്ക്ക് ആവശ്യമായ നിർദേശങ്ങളും പുതിയ ആശയങ്ങളും, ബിസ്നസ് നടപ്പിലാക്കുന്നതിലെയും വിജയിപ്പിക്കുന്നതിലെയും പുതു വഴികൾ, ഓഡോ ഇ.ആർ.പി സൊല്യൂഷൻസിന്റെ ശക്തിയും സാധ്യതകളും തുടങ്ങിയ വിഷയങ്ങൾ സെഷനുകളിൽ ചർച്ചയാകും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും:https://rb.gy/gn890, ഫോൺ: : +91 8129443222.

# ദേശീയ വിദ്യാഭ്യാസ നയം: ഐഐടി മദ്രാസ് സുപ്രധാന ഘടകങ്ങൾ നടപ്പാക്കിയെന്ന് ഡയറക്ടർ



**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസ് (ഐഐടി മദ്രാസ്) ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ സുപ്രധാന ഘടകങ്ങൾ നടപ്പിലാക്കിയതായി ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി.കാമകോടി പറഞ്ഞു. ഐഐടി മദ്രാസ് ഫോർ ഓൾ, ബിഎസ് ബിരുദം (ഡാറ്റ സയൻസ് ആൻഡ് ആപ്ലിക്കേഷനുകൾ), ഇന്റർ ഡിസിപ്ലിനറി ഡ്യുവൽ ഡിഗ്രി (ഐഡിഡിഡി) പ്രോഗ്രാമുകളിലാണ് ഇത് നടപ്പാക്കുന്നത്. സാങ്കേതിക വിഷയങ്ങൾ പഠിക്കുന്ന വിദ്യാർഥികൾക്ക് ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ സ്പെഷ്യലൈസ് ചെയ്യാനും വ്യത്യസ്ത വിഷയങ്ങളിലേക്ക് മാറുന്നതിനും പഠിക്കുന്നതിനും പിൻമാറുന്നതിനും അവസരം ഉണ്ട്.കേന്ദ്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന് കീഴിലുള്ള അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് പോർട്ടലിൽ (https://www.abc.gov.in ) ഐഐടി മദ്രാസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവിടുത്തെ 491 വിദ്യാർത്ഥികൾ ഇതിൽ രജിസ്റ്റർ ചെയ്തു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള റൂറൽ ഇന്ററാക്ഷൻ സെന്റർ, റൂറൽ ടെക്നോളജി സെന്റർ എന്നിവ ഗ്രാമീണമേഖലയിലെ വിദ്യാർഥികൾക്ക് സാങ്കേതിക വിദ്യയെക്കുറിച്ചുള്ള കൂടുതൽ അറിവ് നേടാൻ പ്രാപ്തമാക്കുന്നു. സന്റർ ഫോർ ഇന്നൊവേഷൻ ആന്റ് നിർമാൺ, ബിഎസ് ഡാറ്റാ സയൻസ് ആന്റ് പ്രോഗ്രാമിങ്ങ്, ഇൻഡിസിപ്ലിനറി ഡ്യുവൽ ഡിഗ്രി പ്രോഗ്രാം എന്നിവയും എൻഇപി നയത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. വിവിധ പഠന ശാഖകളിലായി ഇരട്ട ബിരുദം നൽകുന്ന 14 കോഴ്സുകൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ നയം വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാരത്തിനുള്ള കഴിവുകൾ എന്നിവ പരിപോഷിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യകത ഊന്നിപ്പറയുന്നുണ്ടെന്ന് ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി.കാമകോടി പറഞ്ഞു.

# സുബ്മാൻ ഗില്ലുമായി സഹകരിച്ച് ബജാജ് അലയൻസ് ലൈഫ്




**കൊച്ചി:** മുൻനിര സ്വകാര്യ ലൈഫ് ഇൻഷൂറൻസ് സ്ഥാപനമായ ബജാജ് അലയൻസ് ക്രിക്കറ്റ് താരം സുബ്മാൻ ഗില്ലുമായുള്ള സഹകരണത്തിലേർപ്പെട്ടതായി പ്രഖ്യാപിച്ചു. കമ്പനിയുടെ വിപണന ക്യാമ്പയിനുകളിൽ അദ്ദേഹം സജീവമായി പങ്കെടുക്കും. തങ്ങളുടെ ഉപഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ വിപുലമായി ജനങ്ങളിലെത്തിക്കാൻ അദ്ദേഹവുമായുള്ള സഹകരണം സഹായിക്കുമെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് ചീഫ് മാർക്കറ്റിങ് ഓഫിസർ ചന്ദ്രമോഹൻ മെഹ്റ പറഞ്ഞു. ബജാജ് അലയൻസ് ലൈഫുമായി സഹകരിക്കുന്നത് ജീവിതത്തിന്റേതായ വലിയ മൽസരം വിജയിക്കുന്നതുമായി ബന്ധപ്പെട്ടതാണെന്ന് ഇതേക്കുറിച്ചു സുബ്മാൻ ഗിൽ പ്രതികരിച്ചു.

# ’കൊളോസ്സിയൻസ് 3:25’ ട്രെയിലർ




**കൊച്ചി:** ചിത്രമൂല ക്രിയേഷൻസിന്റെ ബാനറിൽ സുധീഷ് യതി, കുക്കു ജീവൻ, കുക്കു സുജാത എന്നിവർ നിർമ്മിച്ച് മുരളിലക്ഷമൺ സംവിധാനം ചെയ്യുന്ന’കൊളോസ്സിയൻസ് 3:25’ എന്ന ഹ്രസ്വ ചിത്രത്തിന്റെ ട്രെലർ റിലീസായി. കൈനകരി തങ്കരാജ്, ശിവജി ഗുരുവായൂർ,സന്തോഷ് കീഴാറ്റൂർ,രാജേഷ് ഹെബ്ബാർ,അരുൺ രാഘവൻ,അതുൽ ആർ അശോക്,രെഞ്ജി കാങ്കോൽ,ശ്രീജിത്ത് കണ്ണൂർ എന്നിവരാണ് പ്രധാന താരങ്ങൾ.ഗ്രീഷ്മറി ജിൻ, ജിജേഷ് പി കെ, രാഹുൽ അജയകുമാർ, മുരളി ലക്ഷമൺ എന്നിവർ ചേർന്ന് രചന നിർവഹിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിഷ്ണു ശശികുമാർ നിർവ്വഹിക്കുന്നു. എഡിറ്റർ സൂരജ് അയ്യപ്പൻ,ബിജിഎം രാഗേഷ് സ്വാമിനാഥൻ, സംഘട്ടനം അഷറഫ് ഗുരുക്കൾ,സംസ്ഥാന അവാർഡ് ജേതാവായ ലിജു പ്രഭാകർ ഡി ഐ നിർവഹിച്ചിരിക്കുന്നു. കൈനകരി തങ്കരാജിന്റെ അവസാനം ചിത്രം കൂടി ആയ ’കൊളോസ്സിയൻസ് 3:25’സൈന മൂവിസിന്റെ ഒടിടിയിലും യൂട്യൂബിലും ജൂലായ് 19ന് റിലീസ് ചെയ്യുന്നു.പിആർ ഒഎ എസ് ദിനേശ്.

# ഐസിഐസിഐ പ്രുഡൻഷ്യൽ: അറ്റാദായത്തിൽ 32.7 ശതമാനം വർധനവ്

**കൊച്ചി;** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ 2.07 ബില്യൺ രൂപയുടെ അറ്റാദായം കൈവരിച്ചതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനുപ് ബഗ്ചി പറഞ്ഞു. 32.7 ശതമാനം വർധനവാണിതു കാണിക്കുന്നത്. പുതിയ ബിസിനസ് മൂല്യം 30 ശതമാനം മാർജിനോടെ 4.38 ബില്യൺ രൂപയിലും എത്തിയിട്ടുണ്ട്. പുതിയ ബിസിനസിലൂടെയുള്ള പരിരക്ഷ 8.8 ശതമാനം വർധിച്ച് 2,403.04 ബില്യൺ രൂപയിലും എത്തിയതായി ആദ്യ ത്രൈമാസത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു.വൈവിധ്യമാർന്ന വിതരണ ശൃംഖലയാണ് കമ്പനിക്ക് കൂടുതൽ വിപുലമായി സേവനം എത്തിക്കുന്ന കാര്യത്തിൽ സഹായകമായത്. കമ്പനിയുടെ മികച്ച റിസ്ക് മാനേജുമെൻറ് സംവിധാനം വഴി തുടക്കം മുതൽ പൂജ്യം നിഷ്ക്രിയ ആസ്തികൾ എന്ന റെക്കോർഡ് നില കൈവരിക്കുന്നതിനും വഴിയൊരുക്കി. ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങളുമായി മുന്നോട്ടു പോകുന്ന ഉപഭോക്താക്കൾക്ക് കൂടുതൽ വിശ്വാസം പ്രദാനം ചെയ്യുന്ന സാക്ഷ്യപത്രം കൂടിയാണ് ഈ നേട്ടം. ഉപഭോക്താക്കൾക്കും കുടുംബത്തിനും സാമ്പത്തിക സുരക്ഷിതത്വം നൽകുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും അനുപ് ബഗ്ചി പറഞ്ഞു. ഉപഭോക്താക്കൾ ഏൽപിക്കുന്ന ജീവിത സമ്പാദ്യത്തിൻറെ സംരക്ഷകരും ചുമതലക്കാരുമാണ് തങ്ങളെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# 'ഇന്ത്യയിലെ ആദ്യകാല ബുദ്ധകല ' പ്രദർശനം 21 ന് ആരംഭിക്കും

**കൊച്ചി/ ന്യൂയോർക്ക് :** ഇന്ത്യയിലെ ആദ്യകാല ബുദ്ധകല, 200 ബി സി ഇ 400 സി ഇ ജൂലൈ 21ന് മെട്രോപൊളിറ്റൻ മ്യൂസിയം ഓഫ് ആർട്ടിൽ (ദി മെറ്റ്) ആരംഭിക്കുന്നു. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനിയുടെയും പിന്തുണയിലൂടെയാണ് ബുദ്ധകലയുടെ ഉത്ഭവം കണ്ടെത്തുന്ന പ്രദർശനം സാധ്യമാകുന്നത്. ബിസി 200 മുതൽ എഡി 400 വരെയുള്ള 125ലേറെ അപൂർവ വസ്തുക്കളുടെ പ്രദർശനമാണ് ദി മെറ്റിൽ നടക്കുന്ന ട്രീ ആൻഡ് സർപ്പെന്റ്. ദി മെറ്റ് മ്യൂസിയത്തിന് ദീർഘകാല പിന്തുണ നൽകി വരുന്ന നിത അംബാനി 2019ൽ ദി മെറ്റിന്റെ ഓണററി ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ടു, മ്യൂസിയത്തിന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിലെ ആദ്യത്തെ ഇന്ത്യൻ വ്യക്തിയായി, ലോകത്തിന് മികച്ച ഇന്ത്യൻ കലയെ പരിചയപ്പെടുത്താനുള്ള പ്രവർത്തനം തുടർന്നു.റിലയൻസ് ഫൗണ്ടേഷന്റെ ദി മെറ്റുമായുള്ള പങ്കാളിത്തത്തിലൂടെ 'ട്രീ ആൻഡ് സർപ്പെന്റ്'നെ പിന്തുണയ്ക്കുന്നത് തനിക്ക് വലിയ അംഗീകാരമാണെന്ന് നിത അംബാനി പറഞ്ഞു. ബിസി രണ്ടാം നൂറ്റാണ്ട് മുതൽ എ ഡി നാലാം നൂറ്റാണ്ട് വരെയുള്ള ആദ്യകാല ബുദ്ധ കലയുടെ



ഉത്ഭവം കണ്ടെത്തുന്ന പുരാതന ഇന്ത്യയിൽ നിന്നുള്ള 125ലധികം വസ്തുക്കൾ പ്രദർശിപ്പിക്കുന്നു. ബുദ്ധമതവും ഇന്ത്യയും തമ്മിലുള്ള ആഴത്തിൽ വേരൂന്നിയ ബന്ധം 'ട്രീ & സർപ്പന്റിലൂടെ പ്രദർശിപ്പിക്കുന്നതിൽ തങ്ങൾ വളരെയധികം അഭിമാനിക്കുന്നു. ലോകമെമ്പാടുമുള്ള ആളുകൾ വന്ന് ഈ അനുഭവം ആസ്വദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ചത് ലോകത്തിലേക്കും ലോകത്തിലെ ഏറ്റവും മികച്ചത് ഇന്ത്യയിലേക്കും കൊണ്ടുവരാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും നിത അംബാനി പറഞ്ഞു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഇന്ത്യൻ അംബാസഡർ ഉൾപ്പെടെ, കലാരംഗത്തും പുറത്തുമുള്ള നിരവധി പ്രമുഖർ ട്രീ ആൻഡ് സർപ്പെന്റ് പ്രത്യേക പ്രിവ്യു ഷോയിൽ പങ്കെടുത്തു.

# ക്യാഷ് അവാർഡിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ അംഗത്വം ലഭിച്ച തൊഴിലാളികളുടെ മക്കളിൽ വിവിധ പരീക്ഷകളിലും കലാകായികസാംസ്കാരിക രംഗങ്ങളിൽ നേട്ടം കൈവരിച്ചവർക്കുമുള്ള ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. 2022-23 അധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിലും എ പ്ലസ്, സി ബി എസ് സി വിഭാഗത്തിൽ എ1, ഐ സി എസ് ഇ വിഭാഗത്തിൽ എല്ലാ വിഷയത്തിലും 90 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർഥികൾക്കും, 202223 അധ്യയന വർഷം ഡിഗ്രി, പി ജി (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) കോഴ്സുകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർഥികൾക്കും, കഴിഞ്ഞ അധ്യയന വർഷം കലാകായികസാംസ്കാരിക രംഗങ്ങളിൽ പ്രാഗത്ഭ്യം ലഭിച്ച വിദ്യാർഥികൾക്കും അപേക്ഷിക്കാം. സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം അംഗത്തിന്റെ ഫോൺ നമ്പർ, ക്ഷേമനിധി ഐ. ഡി. കാർഡിന്റെ കോപ്പി, ആധാർ കാർഡ് കോപ്പി, വിദ്യാർഥിയുടെ എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ കോപ്പി, വിദ്യാർഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, അംഗത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കണം. അപേക്ഷകൾ സെപ്റ്റംബർ 30ന് മുൻപായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ നൽകണം.

ഫോൺ: 0471 2572189.

# 'അച്ഛനൊരു വാഴ വെച്ചു'ഓണത്തിന്

**കൊച്ചി:** നിരഞ്ജ് രാജു,എ വി അനൂപ്, ആത്മീയ,ശാന്തി കൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സാന്ദീപ് സംവിധാനം ചെയ്യുന്ന 'അച്ഛനൊരു വാഴ വെച്ചു' ഓണത്തിന് ഇ ഫോർ എന്റർടൈൻമെന്റ് പ്രദർശനത്തിനെത്തിക്കുന്നു.മുകേഷ്,ജോണി ആന്റണി,ധ്യാൻ ശ്രീനിവാസൻ,അപ്പാനി ശരത്,ഭഗത് മാനുവൽ,സോഹൻ സീനു ലാൽ,ഫുക്രു,അശ്വിൻ മാത്യു, ലെന,മീര നായർ,ദീപ ജോസഫ്, കുളപ്പുള്ളി ലീല, തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ജനപ്രിയ ചിത്രങ്ങളുടെ ജനകീയ ബ്രാൻഡായ എ.വി.എ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ എ വി അനൂപ് നിർമ്മിക്കുന്ന ഇരുപത്തിയഞ്ചാമത്തെ സിനിമയാണ് 'അച്ഛനൊരു വാഴ വെച്ചു'. സാന്ദീപ് ആദ്യമായി സംവിധാനം ചെയ്യുന്ന കളർഫുൾ എന്റർടെയ്നറായ 'അച്ഛനൊരു വാഴ വെച്ചു' എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം പി സുകുമാർ നിർവ്വഹിക്കുന്നു. മനു ഗോപാൽ കഥ തിരക്കഥ സംഭാഷണമെഴുതുന്നു.കെ ജയകുമാർ,സുഹൈൽ കോയ,മനു മഞ്ജിത്ത്,സിജു തുറവൂർ എന്നിവരുടെ വരികൾക്ക് ബിജിബാൽ സംഗീത സംവിധാനം നിർവഹിക്കുന്നു.എഡിറ്റർ വി സാജൻ.പ്രൊഡക്ഷൻ




കൺട്രോളർവിജയ് ജി എസ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്നസീർ കാരന്തൂർ,കലത്യാഗു തവന്നൂർ, മേക്കപ്പ്പ്രദീപ് രംഗൻ, കോസ്റ്റ്യൂംസ്ദിവ്യ ജോബി,സ്റ്റിൽസ് ശ്രീജിത്ത് ചെട്ടിപ്പടി, പോസ്റ്റർ ഡിസൈൻകോളിൻസ് ലിയോഫിൽ, പശ്ചാത്തല സംഗീതംബിജി ബാൽ,ചീഫ് അസോസിയേറ്റ് ഡയറക്ടർരതീഷ് പാലോട്, അസോസിയേറ്റ് ഡയറക്ടർപ്രവി നായർ, അസിസ്റ്റന്റ് ഡയറക്ടർഹരീഷ് മോഹൻ,അലീഷ, ഷാഫി റഹ്മാൻ,പി ആർ ഒ എ എസ്.ദിനേശ്.

